കേരള സർക്കാർ

# എറണാകുളം ജില്ലാപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(ബി.പി.)636/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 31.05.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എറണാകുളം ജില്ലാപഞ്ചായത്ത്

സർ,

വിഷയം : എറണാകുളം ജില്ലാപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉ.പ.സ.)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സ.)
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(ബി.പി.)636/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 31.05.2017

# എറണാകുളം ജില്ലാപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.02.2016 മുതൽ 28.02.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 03.03.2017 മുതൽ 31.03.2017വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ അനിൽ മാത്യു ഐപ്പ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീമതി മിനു പി.കെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഷെർലി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ വിനീത് ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഉമ ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ഗോപകുമാർ എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ജോമോൾ എം. ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ജോൺസൺ ടി.ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ സജീവ് എൻ.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ എൽദോസ് കുന്നപ്പിള്ളി | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 | 11.11.2015 |
| | ശ്രീമതി ആശാ സനൽ | 12.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ബിന്ദു ജോർജ് | 01.04.2015 | 31.10.2015 |
| | അഡ്വ. ബി.എ. അബ്ദുൾ മുതലിബ് | 12.11.2015 | 31.03.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ ബാബു ജോസഫ് | 01.04.2015 | 31.10.2015 |
| | ശ്രീമതി.ഡോളികുര്യാക്കോസ് | 12.11.2015 | 31.03.2016 |
| ക്ഷേമകാര്യം | ശ്രീമതി വത്സ കൊച്ചുകുഞ്ഞ് | 01.04.2015 | 31.10.2015 |
| | ശ്രീമതി സി.കെ.റസിയ | 12.11.2015 | 31.03.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീ കെ.കെ.സോമൻ | 01.04.2015 | 31.10.2015 |
| | ശ്രീമതി ജാൻസി ജോർജ് | 12.11.2015 | 31.03.2016 |
| പൊതു മരാമത്ത് | അഡ്വ. സാജിത സിദ്ദിഖ് | 01.04.2015 | 31.10.2015 |
| | ശ്രീ അയ്യപ്പൻകുട്ടി | 12.11.2015 | 31.03.2016 |
| സെക്രട്ടറി | ശ്രീ കെ കെ അബ്ദുൾ റഷീദ് | 01.04.2015 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ഇ. എസ്. ജെസി | 1.4.2015 | 28.9.2015 |
| | ശ്രീമതി വി.ഡി. ജലജാമണി | 29.9.2015 | 31.3.2016 |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗ സംരക്ഷണം | ഡോ.ബഷീർ പി.എ. | 1.4.2015 | 26.6.2015 |
| | ഡോ.ഡി. ദേവരാജൻ | 27.6.2015 | 22.7.2015 |
| | ഡോ.പ്രമുദ ദേവി | 23.7.2015 | 31.3.2016 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | ശ്രീമതി ജയശ്രീ | 1.4.2015 | 31.7.2015 |
| | ശ്രീമതി ഷൈലജ | 1.8.2015 | 31.3.2016 |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | ശ്രീ ഷൈൻ മോൻ | 1.4.2015 | 31.3.2016 |
| ജില്ലാ പട്ടികജാതി വികസന ഓഫീസർ | ശ്രീ ടോമി ചാക്കോ | 1.4.2015 | 2.8.2015 |
| | ശ്രീ.എ.എൻ.അബ്ദുൾസത്താർ | 3.8.2015 | 31.3.2016 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | ശ്രീ ജോർജ് കുട്ടി ജേക്കബ് | 1.4.2015 | 3.3.2016 |
| | ശ്രീമതി.ശാലിനി ഗോപിനാഥ് | 4.3.2016 | 31.3.2016 |
| ജില്ലാ സാമൂഹ്യ | ശ്രീ കെ.കെ. വിജയൻ | 1.4.2015 | 13.12.2015 |

| | | | |
|---|---|---|---|
| നീതി ഓഫീസർ | ശ്രീ ഫ്രാൻസീസ് | 14.12.2015 | 3.1.2016 |
| | ശ്രീ കെ.കെ. വിജയൻ | 4.1.2016 | 31.3.2016 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി, (അലോപ്പതി) | ഡോ. പി.എസ്. റോസമ്മ | 1.4.2015 | 31.3.2016 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി, (ആയുർവേദം) | ശ്രീ സി.ജി. സജികുമാർ | 1.4.2015 | 31.3.2016 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി, (ഹോമിയോ) | ശ്രീ ശക്തി കുമാർ പൈ | 1.4.2015 | 3.2.2016 |
| | ശ്രീമതി ലീനാ റാണി | 4.2.2016 | 31.3.2016 |
| പ്രൊജക്റ്റ് ഓഫീസർ, ദാരിദ്ര ലഘൂകരണ യൂണിറ്റ് | ശ്രീമതി എൻ വിനോദിനി | 1.4.2015 | 19.6.2015 |
| | ശ്രീ.കെ.വി.അബ്ദുൾ അസീസ് | 20.6.2015 | 31.3.2016 |
| മാനേജർ ജില്ലാ ഇൻഡസ്ട്രീസ് സെന്റർ | ശ്രീ ബിജു കെ. എബ്രഹാം | 1.4.2015 | 31.3.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടങ്ങൾ തിരിച്ചടച്ചത്. | 1-12 |
| | ഭാഗം - 2 | |
| 1 | വൈറ്റില കോക്കനട്ട് നേഴ്സറി – അടിസ്ഥാന സൗകര്യം അപര്യാപ്തം | 2-1 |
| 2 | നേര്യമംഗലം ജില്ല കൃഷി ത്തോട്ടത്തിലെ രസീത് തുകകൾ അടക്കുന്നതിൽ അപാകത | 2-2 |
| 3 | ഗ്രോ ബാഗുകളുടെ വില മുഴുവനും ലഭിച്ചില്ല. | 2-3 |

| | | |
|---|---|---|
| 4 | ഇ-ടെണ്ടറിംഗ്-അക്കൗണ്ടിലെ തുക തനതു വരുമാനത്തിലേക്ക് ഉൾപ്പെടുത്തുന്നില്ല | 2-4 |
| | ഭാഗം - 3 | |
| 1 | ടച്ച് സ്ക്രീൻ കിയോസ്ക് – പ്രവർത്തനക്ഷമമല്ല | 3-1 |
| 2 | സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകൽ – അപാകതകൾ | 3-2 |
| 3 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം | 3-3 |
| 4 | സ്റ്റഡികിറ്റ് വിതരണം – പ്രയോജനപരത വിലയിരുത്തണം. | 3-4 |
| 5 | ഒക്കൽ സീഡ് ഫാം – ബാധകമല്ലാത്ത വസ്തു നികുതി നൽകി | 3-5 |
| 6 | ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകൽ – പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-6 |
| 7 | HIV ബാധിതർക്ക് പോഷകാഹാര വിതരണം - പ്രോജക്ട് നടത്തിപ്പിലെ അപാകത | 3-7 |
| 8 | എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത് - അപാകത | 3-8 |
| 9 | മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് – ചെലവു രേഖകൾ ഹാജരാക്കിയില്ല | 3-9 |
| 10 | പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം - പ്രോജക്ട് നടത്തിപ്പിലെ അപാകത. | 3-10 |
| 11 | പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-11 |
| 12 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 3-12 |
| 13 | ആലുവ ഗവണ്മെന്റ് ആശുപത്രിയുടെ കറന്റ്ബിൽ കുടിശ്ശിക – അപാകത | 3-13 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനം – അപാകതകൾ | 3-14 |
| 15 | നമാമി വാർദ്ധക്യ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-15 |
| 16 | സംയുകത പ്രോജക്ടുകളുടെ വരവ് – വിശദ വിവരം ലഭ്യമല്ല | 3-16 |
| 17 | ഹഡ്കോ പദ്ധതിയിലെ നീക്കിയിരുപ്പ് | 3-17 |
| 18 | അളവ് കണക്കാക്കിയതിലെ അപാകത - അധികത്തുക നൽകി | 3-18 |
| 19 | സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്ക് കട്ട വിരിക്കൽ – അധിക നിരക്ക് നൽകി | 3-19 |
| 20 | ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അധിക നിരക്ക് നൽകി | 3-20 |
| 21 | നിരക്ക് വർദ്ധനവ് മൂലമുള്ള വ്യത്യാസം കൺവീനർക്ക് നൽകി | 3-21 |
| 22 | കെ.കരുണാകരൻ മെമ്മോറിയൽ സാംസ്കാരിക നിലയം – അധികത്തുക നല്കി | 3-22 |
| 23 | ചെയ്ത അളവിനേക്കാൾ കൂടുതൽ അളവിന് തുക നൽകി | 3-23 |
| 24 | ഉപയോഗിക്കാത്ത ബിറ്റുമിന്റെ വില കൺവീനർക്ക് നൽകി. | 3-24 |
| 25 | അളവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം – അധികത്തുക നൽകി | 3-25 |
| 26 | ഫോം വർക്കിന് അധിക നിരക്ക് ഉൾപ്പെടുത്തി | 3-26 |

| | | |
|---|---|---|
| 27 | ഫോംവർക്ക് ഉൾപ്പെടെയുള്ള RCC 1:3:6 കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി | 3-27 |
| 28 | ബിറ്റുമിന് ചെലവഴിച്ച തുക തിരികെ ലഭിചില്ല | 3-28 |
| 29 | വേലയുടെ ആകെ മൂല്യം കണക്കാക്കിയതിലെ അപാകത | 3-29 |
| 30 | കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല | 3-30 |
| 31 | ബിറ്റുമിന് അധികത്തുക നൽകി | 3-31 |
| 32 | പഞ്ചായത്ത് വാങ്ങി നൽകിയ ബിറ്റുമിന്റെ അധികവില കൺവീനർക്ക് നല്കി | 3-32 |
| 33 | സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്ക് കട്ട (75mm) വിരിക്കലിന് അധിക നിരക്ക് നൽകി | 3-33 |
| 34 | കൺവീനർക്ക് 3,457/- രൂപ അധികം നല്കി | 3-34 |
| 35 | ബിറ്റുമിൻ – അധിക നിരക്ക് നല്കി | 3-35 |
| 36 | വാറ്റ് ഈടാക്കിയതിൽ കുറവ് | 3-36 |
| 37 | കോൺക്രീറ്റിങ്ങിന് ഫോം വർക്ക് ഉൾപ്പെടെ നിരക്ക്- അധികം നല്കി | 3-37 |
| | ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| - | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| - | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| - | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| - | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്.

2015-16 വർഷത്തെ ബജറ്റ് 17.3.2015ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 2806722700 | 2805949000 |
| വാർഷിക കണക്കുകൾ പ്രകാരം* | 708057961 | 991104245 |
| വ്യത്യാസം | 2098664739 | 1814844755 |

( * വരവു തുകയിൽ മുന്നിരുപ്പ് തുക ഉൾപ്പെടുത്തിയിട്ടില്ല). ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ ഇനം തിരിച്ച് താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 25.6.2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42,15,56,330 |
| വരവ് | 70,80,57,961 |
| ആകെ | 1.12,96,14,291 |
| ചെലവ് | 99,11,04,245 |
| നീക്കിയിരിപ്പ് | 13,85,10,046 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് ട്രാൻസ്ഫർ ക്രഡിറ്റ് | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ക്കി |
| വികസന ഫണ്ട് (ജനറൽ) | 117951610 | 25015506 | 216473199 | 359440315 | 359440315 | 0 | 0 |
| വികസന ഫണ്ട് (SCP) | 47680819 | 0 | 70667869 | 118348688 | 98608853 | 19739835 | 0 |
| വികസന ഫണ്ട് (TSP) | 1322753 | 0 | 4594576 | 5917329 | 641658 | 5275671 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 105981293 | 0 | 211554094 | 317535387 | 317535387 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 19391302 | 0 | 38646209 | 58037511 | 58037511 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 0 | 0 | 0 | 0 | 0 | 0 |
| ലോക ബാങ്ക് സ ഹാ യം | 0 | 0 | 0 | 0 | 0 | 0 | 0 |

മേൽപ്പറഞ്ഞയിനങ്ങളിൽ വികസനഫണ്ട് (ജനറൽ) ഫണ്ടിനത്തിൽ പ്രത്യേകാവശ്യങ്ങൾക്കായി ജില്ലാ പഞ്ചായത്തും, ജില്ലയിലെ വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും സംയുക്തമായി നടപ്പാക്കുന്ന പ്രൊജക്ടുകൾക്ക് വേണ്ടിയുള്ള ഫണ്ടുകളും ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ വരവ്-ചെലവ് -നീക്കിബാക്കി വിവരങ്ങൾ താഴെപ്പറയുന്നു.

| | | | | | |
|---|---|---|---|---|---|
| റോഡ് റിനൊവേഷൻ ഫണ്ട് | 563459 | 0 | 563459 | 0 | 563459 |
| നബാർഡ് | 7696179 | 0 | 7696179 | 1385996 | 6310183 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2861865 | 1084000 | 3945865 | 2600250 | 1345615 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 1733382 | 249500 | 1982882 | 49500 | 1933382 |
| മൾട്ടി സ്പെഷ്യാലിറ്റി വെറ്റിനറി ഹോസ്പിറ്റൽ വിഹിതം | 16814991 | 1520000 | 18334991 | 0 | 18334991 |
| ആകെ | 29669876 | 2853500 | 32523376 | 4035746 | 28487630 |

ജില്ലാപഞ്ചായത്തിന്റെ വികസനഫണ്ട് (ജനറൽ) ഇനത്തിന്റെ മുൻബാക്കി-വരവ്-ചെലവുകളിൽ മേൽപ്പറഞ്ഞയിനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ആയതിന്റെ കണക്ക് ജില്ലാപഞ്ചായത്ത് കൃത്യമായി സൂക്ഷിക്കുന്നില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) (*) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2015-16 | 1437 | 1404985292 | 850 | 902565581 | - | 587 | 59.15 |

(*) ഭാഗികമായിനടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ ഈ വിവരം ചേർക്കുവാൻ കഴിഞ്ഞില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 204 | 28 | 192177742 | 79330007 | 41.28 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1193 | 789 | 1032650450 | 654798696 | 63.41 |
| പ്രൊജക്ട്ഓഫീസർ - ദാരിദ്ര ലഘൂകരണ യൂണിറ്റ്, | 4 | 4 | 85386305 | 85386305 | 100 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 19 | 11 | 15641000 | 7075899 | 45.24 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആയുർവേദം) | 1 | 1 | 5000000 | 5000000 | 100 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (അലോപ്പതി ) | 2 | 2 | 3132000 | 3131919 | 99.99 |
| സൂപ്രണ്ട് / ചീഫ് മെഡിക്കൽ ഓഫീസർ, ജില്ല ആശുപത്രി (ഹോമിയോ ) | 1 | 1 | 300000 | 300000 | 100 |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 1 | 1 | 5000000 | 4734444 | 94.69 |
| ജില്ല സാമൂഹ്യ നീതി ഓഫീസർ | 5 | 5 | 49542678 | 48501259 | 97.90 |
| മാനേജർ ജില്ലാ ഇൻഡസ്ട്രീസ് സെന്റർ | 2 | 2 | 863253 | 525014 | 60.82 |
| ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 4 | 4 | 8000000 | 7902509 | 98.78 |
| ഡെപ്യൂട്ടി ഡയറക്ടർ (ഡയറി) | 1 | 1 | 5791864 | 5791864 | 100 |
| ഡെപ്യൂട്ടിഡയറക്ടർ, മൃഗസംരക്ഷണം | 1 | 1 | 1500000 | 87665 | 5.84 |
| ആകെ | 1437 | 850 | 1404985292 | 902565581 | 64.24 |

സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വേണ്ടത്ര പുരോഗതിയില്ലെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ഏറ്റെടുക്കുന്ന മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | - | - | - | - |
| നികുതിയേതര വരവുകൾ | 15803760 | 17195772 | 1392012 | 8.81 |
| മറ്റുവരവുകൾ | 3682867 | 1569206 | 2113661 | -57.39 |
| ആകെ | 19486627 | 18764978 | -721649 | -3.70 |

# 1-8 ക്ഷേമപദ്ധതികൾ

ജില്ലാ പഞ്ചായത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2017ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയൊന്നും ഉണ്ടായിരുന്നില്ല.

# 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

1) ട്രഷറി ബിൽ ബുക്ക്.

സെക്രട്ടറിയുടേയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയും ട്രഷറി ബിൽ ബുക്കിൽ bill No. & particulars of bill എന്ന കോളത്തിൽ ബിൽ നമ്പർ മാത്രമാണ് എഴുതിസൂക്ഷിക്കുന്നത്. ഈ ട്രഷറി ബിൽ ബുക്ക് പ്രകാരം ക്രമമനുസരിച്ച് ഫയലുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഈ ബില്ലുകളുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 2015-16 വർഷത്തിൽ 816 /15-16/ 31.3.2016 വരെയുള്ള ബില്ലുകൾ മാറിയിട്ടുണ്ട്. ഇതിൽ പല ബിൽ തുകകളും ഒരേ തുകകളുമാണ്. (ഉദാ:- bill No. 56/15-16/ 20.7.2015 = 500000/- , bill No.57/15-16/ 20.7.2015 = 500000/-, 156/15-16/ 18.92015= 500000/-). ട്രഷറി ബിൽ പകർപ്പിന്റെ അഭാവത്തിലും / ട്രഷറി ബില്ലിന്റെ വിശദാംശങ്ങൾ ഫയലിൽ എഴുതിസൂക്ഷിക്കാത്തതിനാലും പിൻവലിക്കുന്ന മുഴുവൻ തുകകളുടെയും കൃത്യത ഉറപ്പു വരുത്തുവാൻ കഴിഞ്ഞില്ല. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ ഫണ്ടുകളും ഉൾപ്പെട്ടതായതിനാൽ പരിശോധിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ ട്രഷറി ബിൽ ബുക്കിൽ bill No. & particulars of bill എന്ന കോളത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും, ട്രഷറി ബിൽ പകർപ്പ് ( ട്രഷറി ബിൽ നമ്പറോടു കൂടിയത്) ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

2) ഇൻകുബെൻസി രജിസ്റ്റർ.

ഓഡിറ്റ് കാലയളവുകളിലെ ഇൻകുബെൻസി രജിസ്റ്റർ കൃത്യമായിഎഴുതി സൂക്ഷിച്ചിട്ടില്ല. മുഴുവൻ നിർവ്വഹണോദ്യോഗസ്ഥരുടേയും ജീവനക്കാരുടെയും വിവരങ്ങൾ ചേർത്ത്

ഇൻകുബെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

3) ആസ്തി രജിസ്റ്റർ.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ.

പഞ്ചായത്തിലെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ബിറ്റുമിൻ വാങ്ങുന്നതിന് തുകയൊന്നും പിൻവലിച്ചിട്ടില്ല. എന്നാൽ മുൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും ബിറ്റുമിൻ പല പ്രവൃത്തികൾക്കും നൽകിയിട്ടുണ്ട്. ഏതെല്ലാം പ്രവൃത്തികൾക്കാണ് ബിറ്റുമിൻ നൽകിയതെന്ന കൃത്യമായ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ബിറ്റുമിൻ വാങ്ങിയ ഫയലിൽ ഇൻവോയ്സ് നം. തുക കൺവീനറുടെ പേര് എന്നീ വിവരങ്ങളടങ്ങിയ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിലെ പല പ്രവൃത്തികളും കൺവീനർ നേരിട്ട് ബിറ്റുമിൻ വാങ്ങിയതായാണ് ഫൈനൽ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാ:- S0938/16, അജന്ത നാലു സെന്റ് കോളനി റോഡ്, കീഴ്മാട് ഗ്രാമ പഞ്ചായത്ത്, S0094/16, കോതാട് പിഴല റോഡ് ജെട്ടി റോഡ് റീ-ടാറിംഗ് , കടമക്കുടി ഗ്രാമ പഞ്ചായത്ത്. ബിറ്റുമിൻ രജിസ്റ്റർ കൃത്യമല്ലാത്തതു കാരണം ബിറ്റുമിൻ വാങ്ങി നൽകിയ പ്രവൃത്തികളിൽ നിന്നും ബിറ്റുമിന്റെ വില കുറവു വരുത്തിയോ എന്നത് പരിശോധിക്കാൻ കഴിഞ്ഞില്ല. ബിറ്റുമിൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.01.2017 മുതൽ 23.01.2017 വരെ | ഡിസംബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.07.2015 | 2012-13 | 08.10.2015 |

# 1-12 ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടത്തുക തിരിച്ചടച്ചത്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 1002/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | തിരിച്ചടച്ച തുക | രസീത് നം. /തിയതി |
|---|---|---|---|
| 9 | സെക്രട്ടറി | 1002 | 11604100239/ 14.3.2017 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വൈറ്റില കോക്കനട്ട് നേഴ്സറി - അടിസ്ഥാന സൗകര്യം

## അപര്യാപ്തം.

വൈറ്റില മൊബിലിറ്റി ഹബ്ബ് നിർമ്മാണത്തിനായി 25 ഏക്കറോളം സ്ഥലം സർക്കാർ ഏറ്റെടുത്തതിനെ തുടർന്ന്, അവിടെ പ്രവർത്തിച്ചിരുന്ന വൈറ്റില കോക്കനട്ട് നഴ്സറി, മരട് അന്താരാഷ്ട്ര പച്ചക്കറി മാർക്കറ്റിന്റെ ഒരു ഭാഗത്തേക്ക് മാറ്റി സ്ഥാപിച്ചു. വളരെ അപര്യാപ്തമായ സൗകര്യങ്ങളോടെയാണ് നിലവിൽ നഴ്സറി പ്രവർത്തിക്കുന്നത്. ജില്ലയിലെ വിവിധ കൃഷി ഭവനുകൾക്ക് വിതരണത്തിനാവശ്യമായ പച്ചക്കറി തൈകളും, തെങ്ങിൻ തൈകളും ഓർഡറനുസരിച്ച് ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക എന്ന ദൗത്യമാണ് ഈ സ്ഥാപനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ആവശ്യക്കാർക്ക് നേരിട്ടും തൈകൾ ഇവിടെനിന്നും വിതരണം ചെയ്യുന്നു. മികച്ച നിലവാരമുള്ള തൈകൾ ഈ ഫാമിൽ നിന്നും ധാരാളം വിപണനം ചെയ്യപ്പെടുന്നുണ്ട്.

2015-16 വർഷത്തിൽ ഈ സ്ഥാപനത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ചെലവ് വന്നിട്ടുള്ളത് 27,71,036/- രൂപയാണ്. എന്നാൽ ലഭിച്ച വരുമാനം 71,59,225/-രൂപയാണ്. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന തൈകൾ വേണ്ട രീതിയിൽ പരിപാലിക്കുന്നതിന് മതിയായ ജലസേചന സൗകര്യങ്ങൾ ഇവിടെയില്ല. സാങ്കേതിക തകരാർ മൂലം വൈദ്യുതി പ്രവാഹത്തിൽ തടസ്സം നേരിടുന്ന സന്ദർഭങ്ങളിൽ തൈകൾ നനയ്ക്കുവാനായി ജലം ലഭ്യമാക്കുന്നതിന് ജനറേറ്റർ പോലും ഇവിടില്ല. നിർമ്മാണത്തിലെ അപാകം മൂലം തകർന്നു വീഴാറായ കെട്ടിടത്തിൽ, അപകടകരമായ സാഹചര്യത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമില്ലെന്നത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പ്രാഥമികാവശ്യങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെയാണ് ജീവനക്കാർ ജോലി ചെയ്യുന്നത്. ഈ പരിമിതികൾക്കിടയിലും ജില്ലാ പഞ്ചായത്തിന്റെ വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ മികച്ച പ്രവർത്തനം നടത്തുന്ന ഈ സ്ഥാപനത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 നേര്യമംഗലം ജില്ല കൃഷി ത്തോട്ടത്തിലെ രസീത് തുകകൾ അടക്കുന്നതിൽ അപാകത

നേര്യമംഗലം ജില്ലാ ഫാമിൽ എസ്.ബി.ടി. കോതമംഗലം ബ്രാഞ്ചിലാണ് അക്കൗണ്ട് തുടങ്ങിയതും ഇടപാടുകൾ നടത്തിവരുന്നതും. കൃഷിത്തോട്ടത്തിലെ വില്പനകേന്ദ്രത്തിലെ രസീതു വരവുകൾ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുകയും ഡി.ഡി,ചെക്ക് എന്നിവ കോതമംഗലത്ത് പോകേണ്ടി വരുമ്പോൾ മാത്രം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. ഈ തുകകൾ മാസത്തിൽ ഒരിക്കൽ പിൻവലിച്ച് ക്യാഷ് ചെസ്റ്റിലെ തുകയും ചേർത്ത് ജില്ലാ പഞ്ചായത്തിൽ അടവാക്കുന്ന രീതിയിലാണ് നിലവിലുള്ളത് .തുക അടവാക്കുന്നതിന് കൃത്യമായ ഇടവേളകളോ മാനദണ്ഡങ്ങളോ ഇല്ല. പ്രതിദിനം ശരാശരി 3000/- രൂപ സെയിൽസ് കൗണ്ടർ വരുമാനമുണ്ട്.ഗ്രോ ബാഗുകൾ , നടീൽ വസ്തുക്കൾ എന്നിവ കൃഷിഭവനങ്ങൾക്ക് നല്കുന്ന വകയിൽ ലഭിക്കുന്ന ചെക്ക്,ഡി.ഡി. എന്നിവ കൂടാതെ ഫാം ഉത്പന്നങ്ങൾ ലേലം ചെയ്യുന്ന വകയിൽ ലഭിക്കുന്ന തുക എന്നിവയാണ് നേര്യമംഗലം ജില്ലാ കൃഷി ത്തോട്ടത്തിലെ വരവുകൾ. 20.01.2017 മുതൽ 25.02.2017 വരെ ഡി.ഡി, ചെക്ക് എന്നിവയടക്കം ആകെ വരവ് 13,55,449/- രൂപയാണ്. 28.02.2017 ലാണ് രസീത് നം.ബി.6219655-59 വരെ രസീതുകളിലായി ജില്ലാ പഞ്ചായത്തിൽ അടച്ചത്. ഇത്ര വലിയ തുകകൾ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. നേര്യമംഗലത്ത് രണ്ട് ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ ഉണ്ട്. 36 കിലോമീറ്റർ അകലെയുള്ള ബാങ്കിൽ നിന്നും അക്കൗണ്ട് നേര്യമംഗലത്തേക്ക് മാറ്റി വരവ് തുകകൾ ദിവസവും ബാങ്കിൽ അടക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. കൂടാതെ ഇ-ട്രാൻസ്ഫർ വഴിയുള്ള വരവുകൾ ഇനം തിരിച്ച് വരവായി രേഖപ്പെടുത്തേണ്ടതാണ്.

## 2-3 ഗ്രോ ബാഗുകളുടെ വില മുഴുവനും ലഭിച്ചില്ല.

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്ന് 80/- രൂപ നിരക്കിൽ 25,000/- ഗ്രോബാഗുകൾ അഗ്രി. ഫീൽഡ്ഓഫീസർ തൃപ്പൂണിത്തുറയ്ക്ക് നൽകിയിട്ടുണ്ട്. ഗ്രോബാഗ്, പച്ചക്കറിത്തൈ ഉൾപ്പെടെ യൂണിറ്റൊന്നിന് 80/- രൂപ നിരക്കിൽ 20,00,000/- രൂപയാണ് ഈയിനത്തിൽ ലഭിക്കേണ്ടത്. രസീത് നം 37194 /1/ 19.1.2017 പ്രകാരം 1000 യൂണിറ്റ് (ഒരു യൂണിറ്റ് -25 ഗ്രോ ബാഗുകൾ) ഗ്രോ ബാഗുകൾ, വെജിറ്റബിൾ തൈകൾ വിതരണം ചെയ്ത വകയിൽ 5,00,000/- രൂപ അഗ്രീകൾച്ചറൽ ഫീൽഡ് ഓഫീസർ, കൃഷിഭവൻ. തൃപ്പൂണിത്തുറയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 20 രൂപ വീതം 25000/- ഗ്രോ ബാഗിന്റെ ഗുണഭോക്തൃ വിഹിതമായ 5,00,000/- രൂപയാണ് ലഭിച്ചിരിക്കുന്നത്. ഈ ഇനത്തിൽ ബാക്കി ലഭിക്കേണ്ട തുക 15,00,000/- രൂപ (60x25000/-) നാളിതു വരെ ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കാനുള്ള യാതൊരു കത്തിടപാടുകളും നടത്തിയിട്ടില്ല. 2015-16 പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ മേൽ വിൽപ്പനയുടെ ബാക്കിതുക ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-4 ഇ-ടെണ്ടറിംഗ് - അക്കൗണ്ടിലെ തുക തനതു വരുമാനത്തിലേക്ക് ഉൾപ്പെടുത്തുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടറിംഗിലൂടെ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കാക്കനാട് ശാഖയിൽ 17.6.2014 മുതൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് (No. 67249688586). ഇ – ടെണ്ടറിംഗിലൂടെ ലഭിക്കുന്ന ടെണ്ടർ കോസ്റ്റ്, വാറ്റ് തുക, ഇ.എം.ഡി. എന്നീ ഇനത്തിലാണ് വരവുള്ളത്. കൂടാതെ ജില്ലയിലെ മറ്റു പഞ്ചായത്തുകളുടെ ഇ – ടെണ്ടറിംഗിലൂടെ ലഭിക്കുന്ന തുകകളും ഈഅക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നുണ്ട്. പരിശോധനക്ക് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 24.7.2016 ൽ ഈ അക്കൗണ്ടിൽ 12981619/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയിൽ ജില്ലാ പഞ്ചായത്ത് / മറ്റ് പഞ്ചായത്തുകൾ / സർക്കാരിലേക്ക് അടക്കേണ്ട തുക ( വാറ്റ് ) എന്നിവയുടെ കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. ഈ അക്കൗണ്ടിലെ തുകകളുടെ വിവരം തയ്യാറാക്കി അതാതു സ്ഥാപനങ്ങൾക്ക് നൽകേണ്ടതും ജില്ലാ പഞ്ചായത്തിന്റെ വരവുകൾ തനത് ഫണ്ടിലേക്ക് മാറ്റുകയും ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടച്ച് സ്ക്രീൻ കിയോസ്ക് - പ്രവർത്തനക്ഷമമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.1397/16 (ടച്ച് സ്ക്രീൻ കിയോസ്ക്, സെർവർ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ) |
| അടങ്കൽ | 310000/-(തനത് ഫണ്ട്) |
| ചെലവ് | 244856/- രൂപ |
| ഫയൽനമ്പർ | DP2 1646/15 |

ജില്ലാ പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി ഓഫീസിൽ ടച്ച് സ്ക്രീൻ കിയോസ്ക് സ്ഥാപിക്കുന്നതിനായി തീരുമാനിക്കുകയും, DGS&D റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള M/s അമാടെൽ ഇൻഡ്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഇൻഫർമേഷൻ കിയോസ്കും, (Intel pentium M embedded processor based free standing with 19” display information kiosk), അനുബന്ധ സെർവ്വർ കമ്പ്യൂട്ടർ സിഡ്കോ , കോട്ടയം എന്ന സർക്കാർ സ്ഥാപനത്തിൽ നിന്നും വാങ്ങുവാനും, തീരുമാനിക്കുകയും ചെയ്തു. അമാടെൽ ബിൽ തുകയായ 109406/- രൂപാ (Invoice no. DLT 1516/23.06.15) ഡിഡി നമ്പർ 534836 / 14.09.15 പ്രകാരവും, സിഡ്കോ ബിൽ തുക (invoice no SSEKTM 0041/08.06.15) 135450/- രൂപാ ഡി.ഡി.നമ്പർ 534835 / 14.09.15 പ്രകാരവും, നൽകിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് കിയോസ്ക് പ്രവർത്തനക്ഷമമല്ല എന്നു കണ്ടതിനെ തുടർന്ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ (എൻക്വയറി നമ്പർ 35) 2015 ആഗസ്റ്റ് മാസം മുതൽ കിയോസ്ക് പ്രവർത്തനക്ഷമമായിരുന്നെന്ന് അറിയിച്ചു. 2016 ഒക്ടോബർ മാസത്തിൽ കിയോസ്ക് പ്രവർത്തന രഹിതമായതിനെ തുടർന്ന് M/s അമാടെൽ ഇൻഡ്യാ ലിമിറ്റഡിനോട് വേണ്ട റിപ്പയറിംഗ് പ്രവർത്തികൾ നടത്തുവാൻ ആവശ്യപ്പെട്ടെങ്കിലും നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല എന്നും അറിയിച്ചു. മേൽ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം (ഖ 14) ഗ്യാരന്റി കാലയളവിൽ സംഭവിക്കുന്ന കേടുപാടുകൾ പരിഹരിച്ച് നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷനോട് അനുബന്ധിച്ച് സ്ഥാപിച്ച കിയോസ്ക് ആറു മാസത്തിലധികമായി പ്രവർത്തനക്ഷമമല്ലാത്തത് വിശദീകരിക്കേണ്ടതാണ്. കരാർ ഉടമ്പടി പ്രകാരമുള്ള വ്യവസ്ഥ നടപ്പാക്കി ഉപകരണം പ്രവർത്തന ക്ഷമമാക്കാത്തതിനാൽ ഇതിനുവേണ്ടി ചെലവാക്കിയ 244856/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-2 സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ നൽകൽ -അപാകതകൾ.

| | |
|---|---|
| നിർവ്വഹണ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| പ്രോജക്ടിന്റെ പേര് /നം | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ നൽകൽ (എസ്.0680/16) |
| പദ്ധതി അടങ്കൽ | 1)വികസന ഫണ്ട്- 21279209,ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 4641250, മറ്റുള്ളവ- 200000<br>2) വികസന ഫണ്ട്-9526535 |

| | |
|---|---|
| ചെലവ് വിവരം | 1)ബിൽ നം.2/15-16/ 1.7.2015 = 40334<br>2)ബിൽ നം.3/15-16/ 16.9.2015 = 4967825<br>3)ബിൽ നം.8/15-16/ 26.9.2015 = 4967825<br>4)ബിൽ നം.9/15-16/ 28.9.2015 = 4967825<br>5)ബിൽ നം.10/15-16/ 28.9.2015-4967825<br>6)ബിൽ നം.12/15-16/13.10.2015 = 4967825<br>7)ബിൽ നം.13/15-16/ 14.12.2015 =4967825<br>8)ബിൽ നം.15/15-16/ 15.12.2015 = 4558710<br>9)ട്രഷറി ചെക്ക് നം.1514609/27.2.2016 = 2045575<br>10)ട്രഷറിചെക്ക് നം.1514655/30.3.2016-879425 |

പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 25.4.2015-ൽ നടത്തിയ ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ഇതിൽ മഹീന്ദ്ര ഗസ്റ്റോ 109.6 സി.സി. dx sidewheel Dxi എന്ന സ്കൂട്ടറിന് ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത , പെരിന്തൽമണ്ണയിലുള്ള മാക്ക് ഇൻഡ്യ ഓട്ടോമൊബൈൽസ് എന്ന സ്ഥാപനത്തിന് 18.6.2015-ലെ നമ്പർ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ II (1) തീരുമാനം പ്രകാരം ടെണ്ടർ (ടെണ്ടർ നോട്ടീസ് നമ്പർ-എസ് ഡബ്ല്യ 5-547/15-10.4.2015) ഉറപ്പിച്ചുനൽകി.ടെണ്ടർ പരസ്യം നൽകുന്നതിനായി 18334/- രൂപയും മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഡോക്ടർമാരുടെ ഓണറേറിയം ഇനത്തിൽ 22000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട്പ്രകാരം 646 സ്കൂട്ടറുകൾ 58445/-രൂപ നിരക്കിൽ മാക് ഇൻഡ്യ ഓട്ടോമൊബൈൽസിൽ നിന്നും വാങ്ങി 14.8.2015, 27.2.2016 എന്നീ തീയതികളിലായി വിതരണം നടത്തിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബില്ലിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

1)MERA/BILL/21/14.7.2015-4967825
2)MERA/BILL/22/17.7.2015-4967825
3)MERA/BILL/23/18.7.2015-4967825
4)MERA/BILL/24/19.7.2015-4967825
5)MERA/BILL/27/21.8.2015-4967825
6)MERA/BILL/28/22.8.2015-4967825
7)MERA/BILL/29/24.8.2015-4967825
8)MERA/BILL/30/24.8.2015-2045575
9)MERA/BILL/74/27.2.2016-1344235

<u>പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.</u>

1) ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് 25-2-2015, 26-2-2015, 27-2-2015, 5-5-2015 എന്നീ തീയതികളിൽ നടന്ന മെഡിക്കൽ ക്യാമ്പുകളിൽ ആണ്. എന്നാൽ ക്യാമ്പിൽ പങ്കെടുത്തവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ,പങ്കെടുത്ത ഗുണഭോക്താക്കൾ ഒപ്പു വച്ച ലിസ്റ്റ് എന്നിവ ഫയലിൽ ലഭ്യമല്ല.

2) പ്രോജക്ടിന്റെ അടങ്കൽ 5ലക്ഷം രൂപയിലധികമാണെങ്കിലും ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

3) 30.12.2014-ൽ പ്രസിദ്ധീകരിച്ച മാതൃഭൂമി പത്രത്തിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഗുണഭോക്താക്കൾ 50,000/- രൂപ വരുമാനത്തിൽ താഴെയുള്ളവരാവണമെന്നും ,60 വയസിനു താഴെ പ്രായമുള്ളവരാകണമെന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ചില ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിരിക്കുന്നത് ഈ മാനദണ്ഡങ്ങൾ പൂർണ്ണമായും കണക്കിലെടുക്കാതെയാണ്. ഉദാഹരണം:-

1) മൂക്കന്നൂർ പഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്താവായ ശ്രീ.എ.പി.സുബ്രൻ എന്നയാൾക്ക് വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 74400/-രൂപയാണ് വാർഷികവരുമാനം.

2) കുന്നത്തുനാട് പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശ്രീ.ടി.പി.പാപ്പച്ചൻ 60 വയസിനു മുകളിൽ പ്രായമുള്ളയാളാണ്.

3) ശ്രീമതി.സിബി കെ.എം. കളമശ്ശേരി മുനിസിപ്പാലിറ്റി പരിധിയിൽ (ആധാർ കാർഡ്, വികലാംഗർക്കുള്ള തിരിച്ചറിയൽ കാർഡ് എന്നിവ പ്രകാരം) താമസിക്കുന്ന വ്യക്തിയാണ്.

4) ചില ഗുണഭോക്താക്കൾ ഇതേ ആനുകൂല്യം ഗ്രാമപഞ്ചായത്തിൽ നിന്നും കിട്ടിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും സ്കൂട്ടർ വിത്ത് സൈഡ് വീൽ ലഭിച്ചവർക്ക് തന്നെ വീണ്ടും ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല.
5) വാഹനങ്ങൾ ഗുണഭോക്താക്കളുടെ പേരിൽ റജിസ്റ്റർ ചെയ്തതിന്റെ രേഖ (ആർ.സി.ബുക്ക്), ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിന്റെയും ലഭിച്ച വാഹനം ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തന്നെ പ്രോജക്ട് കൃത്യമായി മോണിട്ടർ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വൻതുക ചെലവഴിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1427/16 |
| അടങ്കൽ | 1500000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, മൃഗ സംരക്ഷണം. |
| ചെലവ് | 43375/-രൂപ (ബിൽ നമ്പർ 1/15-16/13.03.16 )<br>44290/-(ബിൽ നമ്പർ 2/15-16/18.03.16) |

ജില്ലയിലെ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ആവിഷ്കരിച്ച പ്രോജക്ടാണിത്. നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനായുള്ള ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ജില്ലയിൽ ആലുവ, മൂവാറ്റുപുഴ, എന്നിവിടങ്ങളിലെ വെറ്ററിനറി പോളിക്ലിനിക്കുകളിലൂടെയും, പെരുമ്പാവൂർ, തൃപ്പൂണിത്തുറ എന്നീ മൃഗാശുപത്രികളിലൂടെയും നടപ്പാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനായി 07.09.2015ന് നടത്തിയ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ അഞ്ച് വീതം വെറ്ററിനറി ഡോക്ടർ, അറ്റൻഡർ, ഡോഗ് ക്യാച്ചർ എന്നിവരെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ പെരുമ്പാവൂരിൽ മാത്രമാണ് പദ്ധതി പ്രാവർത്തികമാക്കിയത്. പദ്ധതി അടങ്കലിന്റെ 5.8% മാത്രമാണ് വിനിയോഗിക്കുവാൻ കഴിഞ്ഞത്. തെരുവ് നായ ശല്യം രൂക്ഷമായ ജില്ലയിൽ നായ്ക്കളുടെ ആക്രമണം നിത്യസംഭവമായി മാറിയിട്ടുണ്ട്. ഇതിനെതിരായി വ്യക്തികളും, സംഘടനകളും,രംഗത്ത് വന്നിരുന്നു. മൂവാറ്റുപുഴ ഭാഗത്ത് മനുഷ്യർക്കും, വളർത്തു മൃഗങ്ങൾക്കും, നായ്ക്കളുടെ കടിയേറ്റ അനവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. വളരെയേറെ മാധ്യമ ശ്രദ്ധ പിടിച്ചു പറ്റിയ സംഭവമായിട്ടും, പൊതുജനങ്ങളുടെ ആവശ്യമായിരുന്നിട്ടും, ഫലപ്രദമായി പദ്ധതി നടപ്പാക്കുവാൻ കഴിയാതിരുന്നത് വിശദീകരിക്കേണ്ടതാണ്.

## 3-4 സ്റ്റഡികിറ്റ് വിതരണം - പ്രയോജനപരത വിലയിരുത്തിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് . 1174/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , ജില്ലാ പഞ്ചായത്ത്. |
| അടങ്കൽ | 3110000 (എസ് സി പി) |
| ചെലവ് | 3086686/- ബിൽ നമ്പർ 77/15-16 തിയതി 18.03.2016 |

പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ (വ്യക്തിഗതം) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഹൈസ്കൂൾ, ഹയർസെക്കന്ററി

വിദ്യാർത്ഥികൾക്ക് യഥാക്രമം 8, 11 പുസ്തകങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്യാൻ പദ്ധതി ആവിഷ്കരണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും, 2,244/- രൂപാ മതിപ്പ് വിലയുള്ള കിറ്റ് 860 ഹയർസെക്കന്ററി കുട്ടികൾക്കും, 2,026/- രൂപയുടെ കിറ്റ് 571 ഹൈസ്കൂൾ കുട്ടികൾക്കും വാങ്ങി നൽകിയിട്ടുണ്ട്. സ.ഉ. (എം. എസ്.) നമ്പർ 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 പ്രകാരം എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാവുന്നതിൽ (മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 9.3, എസ്.സി.പി., ടി.എസ്.പി.പ്രോജക്ടുകൾ), (അനുബന്ധം 16, ഖണ്ഡിക നമ്പർ 6.8, സമർത്ഥരായ പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, യുവാക്കൾക്ക് തൊഴിൽ) ഇത്തരം ഒരു പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. മാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതൊഴിച്ച് വ്യക്തിഗത പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ജില്ലാപഞ്ചായത്തുകൾക്ക് അനുവാദമില്ലാത്തതുമാണ്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം, ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ കൈപ്പറ്റി സ്കൂളുകൾ വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയിൽ ഇല്ലാത്ത പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 17) 12.04.2017ൽ മറുപടി ലഭ്യമാക്കിയത് പരിഗണനാർഹമല്ല.

സ്റ്റഡി കിറ്റ് വിതരണം എന്ന പ്രോജക്ട് മുൻവർഷങ്ങളിലും നടപ്പാക്കിയിട്ടുണ്ട്. വൻ തുക ചെലവാക്കി നടപ്പാക്കുന്ന ഇത്തരം പദ്ധതികൾ ഉപകാരപ്രദമാകുന്നുണ്ടോ എന്നു വിശദമായ പഠനം നടത്തി മാത്രം ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ഒക്കൽ സീഡ് ഫാം - ബാധകമല്ലാത്ത വസ്തു നികുതി നൽകി

ഒക്കൽ സ്റ്റേറ്റ് സീഡ് ഫാമിലേക്ക് വസ്തുനികുതി അടക്കുന്നതിനായി 2,537/- രൂപ ചെക്ക് നം.1514647 / 24.3.2016 (വൗച്ചർ നം. 21501841) പ്രകാരം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനമായിരിക്കെ ടി സ്ഥാപനം വസ്തുനികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ് (കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207(1) (എച്ച്) വകുപ്പ് പ്രകാരം). മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സീഡ് ഫാമിലെ കെട്ടിടങ്ങളുടെ വസ്തുനികുതി അടക്കുന്നതിനായി ചെലവഴിച്ച 2,537/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-6 ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1501/16 |
| ഫയൽ നമ്പർ | ഡി പി 5 2336/15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 2624449/- റോഡിതര മെയിന്റനൻസ് ഫണ്ട്. |
| ചെലവ് | 2600000/- ബിൽ നമ്പർ 34/15-16 തീയതി 25.09.15 |

ജി.ഒ.(എം.എസ്.) നമ്പർ 2148/2014/ ത.സ്വ.ഭ.വ. തീയതി 19.08.2014 പ്രകാരം ഗ്രന്ഥശാലാ സംഘത്തിന് കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾ ത്രിതല പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. അതനുസരിച്ച് എറണാകുളം ജില്ലാ പഞ്ചായത്ത് ജില്ലയിലെ വിവിധ പഞ്ചായത്തുകൾക്ക് ഫർണീച്ചറും, പുസ്തകങ്ങളും വാങ്ങി നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കി. 52

ലൈബ്രറികൾക്ക് വേണ്ടി കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും 1919083.00 രൂപയുടെ പുസ്തകങ്ങളും, ( proforma invoice no KSBM /102/15/ 02.09.15), 680917.00/- രൂപയ്ക്കു (Bill no. STC /PR/ 000263/ 24.08.2015) സിഡ്കോ ട്രേഡ് സെന്ററിൽ നിന്നും, ഫർണീച്ചറും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രന്ഥശാലാ സംഘങ്ങളോട് അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾക്കാണ് ഫർണീച്ചറും,പുസ്തകങ്ങളും വാങ്ങി നൽകാവുന്നത്. എന്നാൽ 52 ലൈബ്രറികളിൽ 17 ലൈബ്രറികൾ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ ഹാജരാക്കിയിട്ടില്ല. ഇവയിൽ ചില ലൈബ്രറികൾ മറ്റ് സംഘങ്ങളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നവയുമാണ്. ഉദാഹരണത്തിന് മഹാത്മാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ഗ്രാമീണ വായനശാല 1955ലെ 12ാമത് തിരുവിതാംകൂർ കൊച്ചി സാഹിത്യ, ശാസ്ത്രീയ,ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്. കൂടാതെ , നെഹ്റു യുവകേന്ദ്ര, കേരള ഫോക് ലോർ അക്കാഡമി, കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ് എന്നിവയിലും രജിസ്ട്രേഷൻ ഉള്ളവക്ക് പുസ്തകങ്ങളും, ഫർണീച്ചറും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.
2. ഇതേ പദ്ധതി ഗ്രാമപഞ്ചായത്തുകൾ എല്ലാ വർഷവും നടപ്പാക്കി വരുന്നുണ്ട്. ഒരേ ലൈബ്രറികൾക്ക് തന്നെ വീണ്ടും സഹായം ലഭിക്കുമ്പോൾ ഇരട്ടിപ്പ് ഒഴിവാക്കുവാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.
3. പദ്ധതി നടപ്പാക്കുന്നതിന് മുൻപ് യോഗ്യതയുള്ള ലൈബ്രറികളെ കണ്ടെത്തി,അവർക്ക് ആവശ്യമുള്ള പുസ്തകങ്ങൾ, ഫർണീച്ചറുകൾ എന്താണെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.
4. കേരളാ സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ ലെറ്റർ ഹെഡിൽ ലൈബ്രറികൾ acceptance certificate ഹാജരാക്കിയിട്ടുണ്ടെങ്കിലും, പുസ്തകങ്ങളും ബുക്ക്ഷെൽഫും സ്റ്റോക്കിലെടുത്തത് പരിശോധിച്ച് അംഗീകരിച്ചിട്ടില്ല.

ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16ന് മറുപടി 12.04.2017ൽ ലഭ്യമാക്കിയിട്ടുണ്ട്.
വൻ തുക വകയിരുത്തി എല്ലാ വർഷവും നടപ്പാക്കുന്ന ഈ പദ്ധതി ഉപകാരപ്രദവും, കാര്യക്ഷമവുമാക്കുന്നതിനായി, പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് യോഗ്യതയുള്ള ലൈബ്രറികളെ മുൻകൂട്ടി കണ്ടെത്തേണ്ടതും, ഓരോ ലൈബ്രറിയുടെയും , ആവശ്യങ്ങൾ പരിഗണിച്ച് പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത് പരിഗണിച്ച് പദ്ധതിക്കായി ചെലവഴിച്ച 2600000/- രൂപയിൽ ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ ലഭ്യമല്ലാത്ത 17 ലൈബ്രറികൾക്ക് ചെലവഴിച്ച 85,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-7 HIV ബാധിതർക്ക് പോഷകാഹാര വിതരണം - പ്രോജക്ട് നടത്തിപ്പിലെ അപാകത

ജില്ലാ സാമൂഹ്യനീതി ഓഫീസർ നിർവ്വഹണം നടത്തിയ, "HIV ബാധിതർക്ക് പോഷകാഹാര വിതരണം" (പ്രോജക്ട് നം. 1240/15-16) എന്ന പ്രോജക്ടിനായി 11,69,245/- രൂപ ഓഡിറ്റ് വർഷത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. ഇ.എൻ.പി. പ്ലസ് എന്ന സംഘടന വഴിയായി 100 HIV ബാധിതർക്ക് പ്രതിമാസം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യാനായിട്ടാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പ്രോജക്റ്റിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലെ ചില അപാകതകൾ താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ / തീയതി | തുക (₹) | പരാമർശം |
|---|---|---|
| 1/15-16 / 02.07.15. | 2,34,580 | ഈ തുക ഉപയോഗിച്ച് വാങ്ങിയ സാധനങ്ങളുടെ വിതരണ വിവരം ലഭ്യമല്ല. |
| 8/15-16 / 16.09.2015 | 2,29,931 | സപ്ലൈകോയുടെ ബിൽ മാത്രമാണ് |

| | | |
|---|---|---|
| 18/15-16 / 14.12.2015 | 2,37,326 | ഫയലിലുള്ളത്. തുക സപ്ലൈകോ അധികൃതർ കൈപ്പറ്റിയ വിവരമോ, നിർവ്വഹണ ഉദ്യോഗസ്ഥൻ സാധനങ്ങൾ കൈപ്പറ്റിയതിന്റെയോ, ഇവ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ഇല്ല. |
| 26/15-16 / 19.02.2016 | 1,61,362 | |
| 25/15-16 / 19.2.16 | 80,341 | |
| 43/15-16 / 31.03.2016 | 2,25,705 | |

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (നം 14) നുള്ള മറുപടിയിൽ, ഇ.എൻ.പി. പ്ലസ് എന്ന സംഘടന വഴിയായിട്ടാണ് വിതരണം നടത്തുന്നതെന്നും, പ്രേജക്ടിലെ മാനദണ്ഡങ്ങൾ പ്രകാരം നൽകുന്ന ഇൻഡന്റ് അടിസ്ഥാനപ്പെടുത്തി സപ്ലൈകോയിൽ നിന്നും .എൻ.പി. പ്ലസ് എന്ന സംഘടനയുടെ ഭാരവാഹികളാണ് സാധനങ്ങൾ കൈപ്പറ്റുന്നതെന്നും അവർതന്നെയാണ് ഇവ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതെന്നുമാണ് മറുപടി നൽകിയത്. എന്നാൽ പ്രസ്തുത സംഘടന സാധനങ്ങൾ കൈപ്പറ്റുന്നതിന്റയും കൈപ്പറ്റിയ സാധനങ്ങൾ വിതരണം നടത്തിയതിന്റെ രേഖപ്പെടുത്തലൊന്നുംതന്നെ ഫയലിൽ ഇല്ല. HIV ബാധിതർക്ക് പോഷകാഹാര വിതരണം എന്ന പദ്ധതിയുടെ ഗുണഫലങ്ങൾ ഗുണഭോക്താക്കളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ സുതാര്യമാക്കി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത് - അപാകത

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 29.06.2015-ലെ DP8/3242/14 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലയിലെ 100 എസ്.സി./ എസ്.ടി. വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 5,00,000/- രൂപ ഓഡിറ്റ് വർഷത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. ജില്ലയിലെ വിവിധ സ്കൂളുകളിൽ ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക എന്ന ഉദ്ദേശ്യത്തിലാണ് തുക ചെലവഴിച്ചത്. എന്നാൽ ആനുകൂല്യം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്നതിന് മതിയായ രേഖകൾ ലഭ്യമാക്കാതെയാണ് ഇവർക്ക് സാമ്പത്തികാനുകൂല്യം നല്കിയിയിട്ടുള്ളത്. സ്കോളർഷിപ്പ് നൽകുന്നതിന് ഒരു മാനദണ്ഡമായി പറഞ്ഞിട്ടുള്ളത്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം അപേക്ഷകർ എന്നതാണെന്നിരിക്കെ, വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത് ശരിയായ നടപടിയല്ല. അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി, മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - ചെലവുരേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| പ്രോജക്ട് നമ്പർ | എസ്1239/16 |
| ചെലവു വിവരം | 23/15-16/19.3.16 = 5000000<br>25/15-16/21.3.16 = 5000000<br>28/15-16/30.3.16 = 1020 |

ജില്ലാ പഞ്ചായത്തിൽ നിന്നും മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിഹിതമായി വിവിധ പഞ്ചായത്തുകൾക്കായി നൽകുവാനാണ് പ്രോജക്ട്

വിഭാവനം ചെയ്തിരിക്കുന്നത്. 27 പഞ്ചായത്തുകളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ബാക്കി തുക ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് വിതരണം ചെയ്തിരിക്കുന്നത് എന്നത് സംബന്ധിച്ച വിവരങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആകെ 3718275/- രൂപ ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | തുക |
|---|---|
| മഞ്ഞപ്ര | 1,24,635 |
| മലയാറ്റൂർ-നീലീശ്വരം | 1,24,635 |
| അയ്യമ്പുഴ | 62,317 |
| മൂക്കന്നൂർ | 83,090 |
| കറുകുറ്റി | 1,24,635 |
| വെങ്ങോല | 2,07,725 |
| വാഴക്കുളം | 2,07,725 |
| കിഴക്കമ്പലം | 2,07,725 |
| കവളങ്ങാട് | 2,07,225 |
| പല്ലാരിമംഗലം | 83,090 |
| പോത്താനിക്കാട് | 83,090 |
| പൈങ്ങോട്ടൂർ | 83,090 |
| കീരമ്പാറ | 62,317 |
| വാരപ്പെട്ടി | 62,317 |
| ഒക്കൽ | 83,090 |
| കുവപ്പടി | 2,49,270 |
| മുടക്കുഴ | 1,24,635 |
| രായമംഗലം | 2,49,270 |
| അശമന്നൂർ | 1,24,635 |
| വേങ്ങൂർ | 2,49,270 |
| ആരക്കുഴ | 1,03,862 |
| ആവോലി | 83,090 |
| കല്ലൂർക്കാട് | 62,317 |
| മഞ്ഞള്ളൂർ | 83,090 |
| മാറാടി | 83,090 |
| ചേരാനല്ലൂർ | 2,07,725 |
| എളങ്കുന്നപ്പുഴ | 2,90,815 |
| ആകെ | 37,18,275 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ ചെലവുവിവരങ്ങൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 62,82,745/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം - പ്രോജക്ട് നടത്തിപ്പിലെ അപാകത.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിലേക്കായി ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 4-ാം ക്ലാസ്സിൽ മികച്ച വിജയം നേടുന്ന വിദ്യാർത്ഥികളെ, മാർക്കിന്റെ അടിസ്ഥാനത്തിൽ സെലക്ട് ചെയ്ത്, ഇന്റർവ്യൂ നടത്തി, നിലവാരം ഉറപ്പുവരുത്തിയശേഷം ഉന്നത വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന, ബോർഡിംഗ് സൗകര്യമുള്ള സ്വകാര്യ സ്കൂളുകളിൽ അഡ്മിഷൻ ലഭ്യമാക്കുകയും അവരുടെ വിദ്യാഭ്യാസ ചെലവുകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണിത്. വിദ്യാർത്ഥികൾക്കായി സ്കൂൾ അധികൃതർ ചെലവഴിച്ചതായി പറയപ്പെടുന്ന ഇനങ്ങളുടെ ചെലവ് വിവരം ഒരു സ്റ്റേറ്റ്മെന്റ് രൂപത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമാക്കുകയും, സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക സ്കൂൾ അധികൃതർക്ക് ഈ ഓഫീസിൽ നിന്നും നൽകുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. 2015-16വർഷത്തിൽ 47,34,444/- രൂപ ചെലവ് വന്നിട്ടുള്ള ഈ പ്രോജക്ടിൽ 5 സ്കൂളുകൾക്കാണ് തുക നൽകിയിരിക്കുന്നത്. തുക കൈപ്പറ്റിയ സ്കൂളുകളുടെ പേരും നൽകിയ തുകയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| St. ഫ്രാൻസിസ്, HSS, ആലുവ | 72,172/- |
| St.പോൾസ് H.S., മുത്തോലപുരം | 2,09,636/- |
| St.തോമസ്.H.S., കീഴില്ലം | 3,64,834/- |
| St.അഗസ്റ്റിൻസ് GHSS, കോതമംഗലം | 19,91,982/- |
| St. ജോസഫ്സ് GHS, ആരക്കുഴ | 20,95,820/- |

ബിൽ പ്രകാരം തുക നൽകിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നം. | ബിൽ നം. / തീയതി | തുക | സ്കൂളുകൾ കൈപ്പറ്റിയ തുക | കൈപ്പറ്റിയ സ്കൂളിന്റെ പേര് |
|---|---|---|---|---|
| 1. | 1026/15-16 ൧ 11.09.2015 | 11,57,127 | 10762 | St.Francis,HSS,Aluva |
| | | | 708090 | St.Joseph'sGHS,Arakkuzha |
| | | | 42772 | St.Pauls H.S.,Mutholapuram. |
| | | | 301965 | St.Augstine'sGHSS,Kothamangalam |
| | | | 93538 | St.Thomas.H.S.,Keezhillam |
| 2. | 1715/15-16 29.12.2015 | 7,5 5,561 | 24395 | St. Francis. HSS, Aluva |
| | | | 33530 | St.Pauls, Mutholapuram. |
| | | | 664089 | St.Augstine'sGHSS,Kothamangalam |
| | | | 33547 | St. Thomas.H.S Keezhillam |
| 3. | 1751/15-16 28.01.2016 | 9,21,201 | 719089 | St. Joseph's GHS,Arakkuzha |
| | | | 194297 | St.Augstine'sGHSS,Kothamangalam |
| | | | 7815 | St.Farncis HSS, Aluva |
| 4. | 2382/15-16 | 18,60,835 | 29200 | St. Francis,HSS, Aluva |

| | | | | |
|---|---|---|---|---|
| | 02.03.2016 | | 668641 | St. Joseph's GHS,Arakkuzha |
| | | | 93614 | St. Paul's HS, Mutholapuram |
| | | | 831631 | St.Augstine'sGHSS,Kothamangalam |
| | | | 237749 | St.Thomas.H.SKeezhillam |
| 5. | 2520/15-16<br>29.03.2016 | 39,720 | 39,720/- | St. Pauls's GS,Mutholapuram |

ആനുകൂല്യത്തിന് അർഹരാകുന്ന വിദ്യാർത്ഥികൾക്ക് നോട്ട് ബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ, താമസ ചെലവ്, ആഹാര ചെലവ്, യൂണിഫോം ഡ്രസ്സ്, ഒരു വർഷത്തിൽ മൂന്നു തവണ സ്വന്തം വീട്ടിൽ പോയ്‌വരുന്നതിനുള്ള യാത്രാ ബത്ത എന്നിവ ഈ പദ്ധതി പ്രകാരം സൗജന്യമായിരിക്കും എന്ന് പട്ടികജാതി വികസന ഓഫീസറുടെ ജൂലൈ 2015 (തീയതി ഇല്ല) ലെ ജി6-7992/15 നമ്പർ ഉത്തരവ് നടപടിക്രമം പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ, സ്കൂൾ അധികൃതർ നൽകുന്ന സ്റ്റേറ്റ്മെന്റിൽ സൂക്ഷ്മ പരിശോധന നടത്താതെ, രേഖപ്പെടുത്തിയ തുക അതേപടി അംഗീകരിച്ച് നൽകുന്നതായാണ് കാണുന്നത്. സർക്കാരിൽ നിന്നും സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഇനങ്ങളുടെ പേരിൽ ചില സ്കൂളുകൾ തുക കൈപ്പറ്റിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.
9-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഗവ./എയ്ഡഡ് സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ തികച്ചും സൗജന്യമാണെന്നിരിക്കെ 7088/- രൂപ ഈയിനത്തിൽ സെന്റ് ജോസഫ് സ്കൂളിന് നൽകിയിട്ടുണ്ട്. അതിൽത്തന്നെ, ഒരേ സ്റ്റാൻഡേർഡിൽ പഠിക്കുന്ന (5-ാം ക്ലാസ്സ്) വിദ്യാർത്ഥിനികൾക്ക് 302/-രൂപ മുതൽ 414/-രൂപ വരെയുള്ള വിവിധ നിരക്കുകളിലാണ് ടെക്സ്റ്റ് ബുക്ക് വില രേഖപ്പെടുത്തിയിട്ടുള്ളത് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിനികളുടെ പേര് | ക്ലാസ്സ് | ടെക്സ്റ്റ് ബുക്ക് വിലയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|
| 1 | കാവ്യമോൾ.വി.എസ്. | VII | 414 |
| 2 | വിഷ്ണുപ്രിയ തങ്കപ്പൻ | VI | 367 |
| 3 | വിദ്യ.പി.ഗോപിനാഥ് | V | 412 |
| 4 | ഐശ്വര്യ.കെ.എസ്. | V | 405 |
| 5 | ശിവാനി.എസ്. | V | 391 |
| 6 | നന്ദന സോമൻ | V | 407 |
| 7 | നന്ദന അനിൽ | V | 302 |
| 8 | അക്ഷര അർജ്ജുൻ | VIII | 180 |
| 9 | അമൃതവർഷ.എസ്. | VIII | 180 |
| 10 | അമൃതജ്യോതി.എസ്. | VIII | 180 |
| 11 | ശ്രീലക്ഷ്മി റജി | VIII | 180 |
| 12 | അക്ഷയ സജി | VIII | 180 |
| 13 | ബീന മേൾ ബേബി | VIII | 180 |
| 14 | അമല്യ തമ്പാൻ | VIII | 180 |
| 15 | അപർണ്ണ സുരേഷ് | VII | 160 |

| | | | |
|---|---|---|---|
| 16 | ജ്യോത്സന ജോഷി | VII | 160 |
| 17 | അഭിരാമി തങ്കച്ചൻ | VII | 160 |
| 18 | ആർമോൾ സദാനന്ദൻ | VII | 160 |
| 19 | അമല്യ തങ്കപ്പൻ | VII | 160 |
| 20 | അഞ്ജലി കുഞ്ഞപ്പൻ | VII | 160 |
| 21 | ആദിത്യ ശശി | VII | 160 |
| 22 | അഖില സുകുമാരൻ | VII | 160 |
| 23 | ആര്യ ദാസൻ | VII | 160 |
| 24 | സന്ധ്യാമോൾ.വി.എസ്. | VII | 160 |
| 25 | അഞ്ജു.കെ.ജി | VII | 160 |
| 26 | ദേവൂട്ടി ചന്ദ്രൻ | VI | 160 |
| 27 | അസ്വമി വാസു | VI | 160 |
| 28 | തനു ബിനു | VI | 160 |
| 29 | വി.സോന | VI | 160 |
| 30 | അപർണ്ണ സുരേഷ്.പി. | VI | 160 |
| 31 | അഞ്ജന പ്രമോദ് | VI | 160 |
| 32 | അർച്ചന .ആർ | VI | 160 |
| 33 | ഐശ്വര്യ.കെ.എസ്. | VI | 160 |
| 34 | സീതാലക്ഷ്മി.എസ്. | VI | 160 |
| ആകെ | | | 7158 |

അതുപോലെ തന്നെ, 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഗവ./എയ്ഡഡ് സ്കൂളുകളിൽ യൂണിഫോം സൗജന്യമാണെന്നിരിക്കെ 2,60,700/- (1,21,200 + 1,39,500) രൂപ ഈയിനത്തിൽ സെന്റ് അഗസ്റ്റിൻസ് GHSS, സെന്റ് ജോസഫ്സ് GHS എന്നീ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

സെന്റ് അഗസ്റ്റിൻസ് GHSS

| ക്രമ നം | വിദ്യാർത്ഥിനികളുടെ പേര് | ക്ലാസ്സ് | യൂണിഫോം വിലയിനത്തിൽ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ആതിര ജ്യോതിഷ് | X | 3920 |
| 2 | അനുജമോൾ.കെ. | X | 3920 |
| 3 | അശ്വതി സുനിൽ | X | 3920 |
| 4 | അയനമോൾ.കെ.എസ് | X | 3920 |
| 5 | പ്രസ്മിത രാജൻ | X | 3920 |
| 6 | ശ്രീജ രാജീവ് | X | 3920 |
| 7 | ശ്വേത രാജ്.പി. | X | 3920 |
| 8 | അമൃതപ്രിയ.എൻ.എസ് | IX | 3920 |
| 9 | അനർഘ ചെല്ലപ്പൻ | IX | 3920 |

| | | | |
|---|---|---|---|
| 10 | അനുജ മനോജ് | IX | 3920 |
| 11 | ആഷ്ന ശിവൻ | IX | 3920 |
| 12 | അശ്വതി ദേവൻ | IX | 3920 |
| 13 | ലെനമോൾ.പി.എസ് | IX | 3920 |
| 14 | പൂജ പ്രകാശ് | IX | 3920 |
| 15 | ശിവരഞ്ജിനി.വി.ജെ | IX | 3920 |
| 16 | വിസ്മയ.കെ.വിധു | IX | 3920 |
| 17 | ഗൗതമി പ്രസാദ് | VIII | 3920 |
| 18 | നന്ദന മനോജ് | VIII | 3920 |
| 19 | അക്ഷയ തങ്കപ്പൻ | VIII | 3920 |
| 20 | ബിനി മോഹനൻ | VIII | 3920 |
| 21 | ലിഞ്ജുമോൾ.പി.എസ് | VIII | 3920 |
| 22 | പ്രേമിത രാജൻ | VIII | 3920 |
| 23 | രേവതി രവി | VIII | 3920 |
| 24 | അബിത രാജു | VII | 3880 |
| 25 | ആരതി സുനിൽ | VII | 3880 |
| 26 | സേതുലക്ഷ്മി.കെ.മനോജ് | VII | 3880 |
| 27 | ഗായത്രി.വി.രാജു | VI | 3880 |
| 28 | അനക്ഷയ ചെല്ലപ്പൻ | VI | 3880 |
| 29 | ശിവപ്രിയ ബൈജു | VI | 3880 |
| 30 | ബ്രിൻഡ സാബു | V | 3880 |
| 31 | ലിമ.വി.എൽ | V | 3880 |
| ആകെ | | | 1,21,200/ |

സെന്റ് ജോസഫ്. GHS, ആരക്കുഴ

| ക്രമ നം | വിദ്യാർത്ഥിനികളുടെ പേര് | ക്ലാസ്സ് | യൂണിഫോം വിലയിനത്തിൽ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | നന്ദന സജീവ് | V | 3000 |
| 2 | ലതിയ ഭാഗ്യം | V | 3000 |
| 3 | നന്ദന സോമൻ | V | 3000 |
| 4 | നന്ദന അനിൽ | V | 3000 |
| 5 | വിഷ്ണുപ്രിയ തങ്കപ്പൻ | VI | 3000 |
| 6 | ഗോപിക ഗോപി | X | 2500 |
| 7 | അനില രാജു | X | 2500 |
| 8 | അതീന ശിവൻ | IX | 2500 |
| 9 | രേഷ്മ ശശി | IX | 2500 |

| | | | |
|---|---|---|---|
| 10 | അഞ്ജന സുരേഷ് | IX | 2500 |
| 11 | സേതുലക്ഷ്മി.എസ് | IX | 2500 |
| 12 | അതുല്യ രാജു | IX | 2500 |
| 13 | ശരണ്യ ശശി | IX | 2500 |
| 14 | അശ്വിനി.പി. | IX | 2500 |
| 15 | അനുമോൾ.ടി.ആർ | IX | 2500 |
| 16 | ആരതി സുരേഷ് | IX | 2500 |
| 17 | ആര്യ സുരേഷ് | IX | 2500 |
| 18 | ശില്പമോൾ ശശി | IX | 2500 |
| 19 | നീതു.കെ.വാസു | IX | 2500 |
| 20 | ശ്രീലക്ഷ്മി.ടി | IX | 2500 |
| 21 | അനശ്വര.പി.ആർ | IX | 2500 |
| 22 | അനഘ ബാബു | IX | 2500 |
| 23 | ഐശ്വര്യ.പി.പി. | IX | 2500 |
| 24 | അശ്വതി കുട്ടപ്പൻ | IX | 2500 |
| 25 | അക്ഷര അർജ്ജുനൻ | VIII | 2500 |
| 26 | ജ്യോതി നാരായണൻ | VIII | 2500 |
| 27 | അമൃതവർഷ.എസ്. | VIII | 2500 |
| 28 | അമൃത ജ്യോതിഷ് | VIII | 2500 |
| 29 | ശ്രീലക്ഷ്മി റജി | VIII | 2500 |
| 30 | അക്ഷയ സജി | VIII | 2500 |
| 31 | ബീന മേൾ ബേബി | VIII | 2500 |
| 32 | അമല്യ തമ്പാൻ | VIII | 2500 |
| 33 | അപർണ്ണ സുരേഷ് | VII | 2500 |
| 34 | ജ്യോത്സന ജോഷി | VII | 2500 |
| 35 | അഭിരാമി തങ്കച്ചൻ | VII | 2500 |
| 36 | ആര്യമോൾ സദാനന്ദൻ | VII | 2500 |
| 37 | അമല്യ തങ്കപ്പൻ | VII | 2500 |
| 38 | അഞ്ജലി കുഞ്ഞപ്പൻ | VII | 2500 |
| 39 | ആദിത്യ ശശി | VII | 2500 |
| 40 | അഖില സുകുമാരൻ | VII | 2500 |
| 41 | ആര്യ ദാസൻ | VII | 2500 |
| 42 | സന്ധ്യാമോൾ.വി.എസ്. | VII | 2500 |
| 43 | അഞ്ജു.കെ.ജി | VII | 3000 |
| 44 | ദേവൂട്ടി ചന്ദ്രൻ | VI | 2500 |

| | | | |
|---|---|---|---|
| 45 | അസ്വമി വാസു | VI | 2500 |
| 46 | തന്ന ബിന്ദ | VI | 2500 |
| 47 | വി.സോന | VI | 2500 |
| 48 | അപർണ്ണ സുരേഷ്.പി. | VI | 2500 |
| 49 | ശ്രീലക്ഷ്മി.എസ്. | VI | 2500 |
| 50 | അഞ്ജന പ്രമോദ് | VI | 2500 |
| 51 | അർച്ചന .ആർ | VI | 2500 |
| 52 | വിദ്യ.പി.ഗോപിനാഥ് | V | 3000 |
| 53 | ഐശ്വര്യ.കെ.എസ്. | V | 3000 |
| 54 | ശിവാനി.പി.എസ്. | V | 3000 |
| ആകെ | | | 1,39,500 |

2,60,700/- രൂപയാണ് യൂണിഫോം ഇനത്തിൽ കൈപ്പററിയിട്ടുള്ളത്. സർക്കാരിൽ നിന്നും, സ്കൂളുകളിലേക്ക് സൗജന്യമായി ലഭിക്കുന്ന ടെക്സ്റ്റ് ബുക്കുകൾ, യൂണിഫോം എന്നിവയ്ക്ക് നൽകിയ വില എന്ന രീതിയിൽ ഓരോ കുട്ടികളുടെ പേരിലും സ്കൂളുകൾക്ക് തുക നൽകിയിരിക്കുന്നത് അംഗീകരിക്കാനാവില്ല. അതിനാൽ ഈയിനത്തിൽ നൽകിയ ആകെ തുക 2,67,858/- ( 7,158 + 2,60,700 ) ഓഡിറ്റ് നിരാകരിക്കുന്നു. പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം എന്ന ഈ പ്രോജക്ട് വഴി സഹായം നൽകിയിട്ടുള്ളത് 5 സ്കൂളുകൾക്കാണെന്നിരിക്കെ, ഇവയിൽ 2 സ്കൂളുകൾ മാത്രം ഈ തുകകൾ ക്ലെയിം ചെയ്യുകയും നിർവ്വഹണോദ്യോഗസ്ഥൻ അത് അതേപടി അനുവദിച്ച് നൽകുകയും ചെയ്തിട്ടുള്ളത് ഈ പദ്ധതി നടത്തിപ്പിലെ മോണിറ്ററിംഗ് ശരിയായി നടക്കുന്നില്ല എന്നതിന് ഉദാഹരണമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായ ധനങ്ങൾ അനർഹമായ രീതിയിൽ വിതരണം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-11 പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി ) നടപ്പാക്കിയ പ്രോജക്ട് - പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | എസ് 1562/16 ( ഒക്കൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ വയറിംഗ്.) | എസ് 1561/16 (ഒക്കൽ , ഓഫീസർമാരുടെ ക്വാർട്ടേഴ്സ് റീ വയറിംഗ്) |
|---|---|---|
| അടങ്കൽ | 171000/- (തനത് ഫണ്ട്) | 78000/- |
| ചെലവ് | 171000/- (ഡി.ഡി.നം.544135/16.03.2016) | 78000/- (ഡി.ഡി.നം.544136/16.03.2016) |

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകൾക്കും PWD Electrical Section ,അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടപ്പള്ളി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ജില്ലാ പഞ്ചായത്തിന്റെ ഭരണാനുമതിയോടെ , തുക എക്സിക്യൂട്ടീവ് എൻജിനിയർ, PWD Electrical division , തൃശ്ശൂർ-ന് കൈമാറിയിട്ടുണ്ട്. (കൈപ്പറ്റ് രസീത് നമ്പർ AW No 0552115/25.04.1 ,0552116/25.04.16)

ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പദ്ധതിക്കു വേണ്ടി ചെലവ് ചെയ്ത 2,49,000/- രൂപാ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കുറ്റിനാൽ പട്ടിക ജാതി കുടിവെള്ള പദ്ധതിക്ക (പ്രൊജക്ട് നം. 1609/16) വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA, മൂവാറ്റുപുഴ -ൽ ഡെപ്പോസിറ്റായി 1799999/- രൂപ ( ബിൽ നം. 108/ 15-16/ 31.3.2016) നൽകിയിട്ടുണ്ട്. 13.4.2016 ലെ കരാർ ഖണ്ഡിക 6പ്രകാരം 2016 ജൂൺ ഒന്നിന് പ്രവൃത്തി ആരംഭിക്കുമെന്ന് വ്യക്തമാക്കിയെങ്കിലും പൂർത്തീകരിക്കേണ്ട തിയതി വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 1799999/- രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27) എക്സിക്യൂട്ടീവ് എഞ്ചിനീയർ, KWA, മൂവാറ്റുപുഴ നൽകിയ മറുപടിയിൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയതായി പറഞ്ഞിട്ടുണ്ട്.

## 3-13 ആലുവ ഗവണ്മെന്റ് ആശുപത്രിയുടെ കറന്റ്ബിൽ കുടിശ്ശിക - അപാകത.

നിർവ്വഹണോദ്യോഗസ്ഥൻ : സൂപ്രണ്ട്, ആലുവ താലൂക്ക് ആശുപത്രി

ആലുവ ഗവണ്മെന്റ് ആശുപത്രിയുടെ കൺസ്യൂമർ നം.1155675000626 പ്രകാരമുള്ള കറന്റ് ബില്ലിൽ വിവിധ മാസങ്ങളിൽ കുടിശ്ശിക ഇനത്തിൽ തുക രേഖപ്പെടുത്തിയിരിക്കുന്നതിൽ വ്യക്തതയില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | തൻ മാസ ബിൽ തുക | കുടിശ്ശിക | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 4/2015 | 343658 | --- | 3,43,658 | --- |
| 2 | 5/2015 | 174161 | 338947 | 5,13,108 | ചെക്ക് നം. 435625 തീ. 24.06.15 പ്രകാരം 5,13,108 രൂപ അടച്ചിട്ടുണ്ട് |
| 3 | 6/2015 | 238817 | 9,94,163 | 12,32,980 | ചെക്ക് നം. 437971 തീ. 19.08.15 പ്രകാരം 2,38,817/- രൂപ അടച്ചിട്ടുണ്ട്. 9,94,163/- രൂപയുടെ കുടിശ്ശിക എങ്ങിനെയാണ് കണക്കാക്കിയത് എന്ന് വ്യക്തമല്ല. |
| 4 | 7/2015 | 251915 | 7,35,707 | 9,87,622 | ചെക്ക് നം.437571 തീ.03.08.15 പ്രകാരം 2,51,915/- രൂപ അടച്ചിട്ടുണ്ട് |
| 5 | 8/2015 | 2,36,323 | 735,707 | 9,72,030 | ചെക്ക് നം.594572 തീ.25.09.15 പ്രകാരം 2,36,323/- രൂപ അടച്ചിട്ടുണ്ട് |
| 6 | 9/2015 | 2,55,657 | 7,43,560 | 9,99,217 | ചെക്ക് നം.594578 തീ.07.10.15 പ്രകാരം 2,36,323/- രൂപ അടച്ചിട്ടുണ്ട് |
| 7 | 10/2015 | 232165 | 7,67,934 | 10,00,099 | ചെക്ക് നം.594580 തീ.11.11.15 പ്രകാരം 2,32165/- രൂപ അടച്ചിട്ടുണ്ട് |
| 8 | 11/2015 | 2,18,027 | 7,20,708 | 9,38,735 | ചെക്ക് നം.5945802 തീ. 23.12.15 പ്രകാരം 2,18027/- രൂപ അടച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 9 | 12/2015 | 2,80,397 | 7,08,856 | 9,89,253 | ചെക്ക് നം. 594584 തീ. 12.01.16 പ്രകാരം 2,80397/- രൂപ അടച്ചിട്ടുണ്ട് |
| 10 | 1/2016 | 1,74,784 | 7,75,598 | 9,50,382 | ചെക്ക് നം.594587 തീ. 05.02.16 പ്രകാരം 174784/- രൂപ അടച്ചിട്ടുണ്ട് |
| 11 | 2/2016 | 2,36,738 | 6,72,826 | 9,09,564 | ചെക്ക് നം. 5945849 തീ. 27.02.16 പ്രകാരം 236738/- രൂപ അടച്ചിട്ടുണ്ട് |
| 12 | 3/2016 | 233412 | 500977 | 7,34,389 | ചെക്ക് നം.594591 തീ.22.03.16 പ്രകാരം 2,33412/- രൂപ അടച്ചിട്ടുണ്ട് |

2015-16 വർഷത്തെ കറന്റ് ബില്ല് പരിശോധിച്ചതിൽ KSEB കുടിശ്ശിക തുക കണക്കാക്കിയിരിക്കുന്നത് കൃത്യതയില്ലാത്ത രീതിയിലാണെന്ന് കണ്ടു. തുടർച്ചയായി കുടിശ്ശിക വരുത്തുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി സ്വികരിച്ചിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6 / 13.03.2017) മറുപടിയൊന്നും നൽകിയില്ല. ലഭിക്കുന്ന കറന്റ് ബില്ലുകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 3-14 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരി പഠനം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | എസ് 0902/16 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരി പഠനം |
| ഫയൽ നമ്പർ | DP/15 1685/16 |
| അടങ്കൽ | 6866200/- |
| ചെലവ് | 4947594/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പഠനമികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക്, വിദേശത്ത് ഉപരിപഠനം നടത്തുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. 2014-2015 ആരംഭിച്ച പ്രൊജക്ട് 2016-17ലും തുടരുന്നുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ, ലഭ്യമാക്കിയ ആനുകൂല്യം എന്നിവ ചുവടെ ചേർക്കുന്നു :-

| ഗുണഭോക്താവ് | തുക | ചെക്ക് /ഡി.ഡി./ബിൽ നം./ തീയതി |
|---|---|---|
| ശരത് പി വി<br>മഴവന്നൂർ ഗ്രാമപഞ്ചായത്ത് | 790900 | 5/15-16 - 23.06.2015 |
| | 360643 | 85/15-16 – 28.03.2016 |
| | 633600 | ഡി ഡി നം. 973682/02.03.2015 (2014-15 ൽ നൽകിയത്) |
| സുധീന രവി<br>ആലങ്ങാട് ഗ്രാമപഞ്ചായത്ത് | 1122085 | 22/15-16 – 30.07.2015 |
| | 70240 | 23/15-16 - 10.08.2015 |
| | 450542 | 88/15-16 – 28.03.2016 |

| | | |
|---|---|---|
| വിദ്യ വി<br>കൊച്ചി നഗരസഭ | 991736 | 22/15-16 – 30.07.2015 |
| | 71110 | 23/15-16 - 10.08.2015 |
| | 450542 | 88/15-16 – 28.03.2016 |
| സോമരാജൻ പി എസ്<br>വെങ്ങോല ഗ്രാമപഞ്ചായത്ത് | 325041 | 26/15-16 – 07.09.2015 |
| | 314755 | 28/15-16 – 25.09.2015 |
| ആകെ **(2015-16)** | **4947594** | |

പദ്ധതി നിർവ്വഹണത്തിലുള്ള അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ.(പി)220/97/തസ്വഭവ തീയതി 02.10.1997 ജി.ഒ.(പി)131/98/ 02.09.1998ലെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ എന്നിവ പ്രകാരം അടിസ്ഥാനപരമായി ഗ്രാമസഭയാണ് ത്രിതല പഞ്ചായത്തുകൾക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തുകൾ വഴി ഇത്തരമൊരു തെരഞ്ഞെടുപ്പ് നടത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പൊതുജന ശ്രദ്ധയാകർഷിക്കുന്ന വിധത്തിൽ ഒരു പത്രപ്പരസ്യമോ വാർത്തയോ നൽകാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ലെന്ന് വ്യക്തമാണ്.

2. 12ാം പഞ്ച വത്സര പദ്ധതി മാർഗ്ഗരേഖ ജി ഒ(എം എസ്) 362/13/16.11.2013 ഖണ്ഡിക 9.3 vi പ്രകാരം മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് ദേശീയ / അന്തർദേശീയ സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുവാനാണ് അനുമതി നൽകിയിരിക്കുന്നത്. എന്നാൽ ആനുകൂല്യം ലഭിച്ചിരിക്കുന്ന നാല് പേരും, പഠനമികവോ, മികച്ച അക്കാദമിക് നിലവാരമോ ഉള്ളവരല്ല എന്നതിനാൽ മെറിറ്റോറിയസ് എന്ന നിബന്ധന പാലിക്കുന്നില്ല.

3. പട്ടിക ജാതിക്കാർക്കുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ പട്ടികജാതി വികസന ഓഫീസർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ ഉണ്ടായിരിക്കെ സെക്രട്ടറി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭിച്ചില്ല.

അഡ്മിഷൻ ലഭിക്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിക്കുന്നതിന് പകരം, നാല് ഗുണഭോക്താക്കൾക്ക്, കോഴ്സ് തീരുന്നതു വരെ അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസ്, ലാപ് ടോപ് ചെലവ്, ഹെൽത്ത് ഇൻഷ്വറൻസ്, വിമാനയാത്ര ചെലവുകൾ, വാടക, കോഷൻ ഡെപ്പോസിറ്റ് എന്നിങ്ങനെ വിദ്യാർത്ഥികൾ ആവശ്യപ്പെട്ട തുക മുൻകൂർ നൽകുകയാണ് ചെയ്തത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗരേഖ ജി ഒ (പി)220/97/ തസ്വഭവ 02.10.97 ജി ഒ(പി) 131/98/02.09.1998 ലെ പരിഷ്ക്കരിച്ച മാർഗ്ഗരേഖ എന്നിവ പ്രകാരം അടിസ്ഥാനപരമായി ഗ്രാമസഭയാണ് ത്രിതല പഞ്ചായത്തുകൾക്കുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തുകൾ വഴി ഇത്തരമൊരു തെരഞ്ഞെടുപ്പ് നടത്തി, ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടില്ല. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12) ലഭിച്ച മറുപടിയിൽ ഗുണഭോക്താക്കൾ ജില്ലാ പഞ്ചായത്തിൽ നേരിട്ട് ഹാജരായി അപേക്ഷ നൽകിയവരാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പൊതുജന ശ്രദ്ധയാകർഷിക്കുന്ന വിധത്തിൽ ഒരു പത്രപ്പരസ്യമോ വാർത്തയോ നൽകാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമല്ലെന്ന് വ്യക്തമാണ് പട്ടിക ജാതിക്കാർക്കുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ പട്ടികജാതി വികസന ഓഫീസർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ ഉണ്ടായിരിക്കെ സെക്രട്ടറി പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം ലഭിച്ചില്ല. പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് താഴെ പറയുന്ന കാരണങ്ങളാൽ ധനസഹായത്തിന് അർഹതയില്ലാത്തതാണ്:-

**1.** ശരത്ത് പി. വി. **-** വിദേശപഠന രേഖകൾ ഹാജരാക്കിയില്ല **– 1151543/-** രൂപ നിരാകരിക്കുന്നു.

1. മെറിറ്റോറിയസ് യോഗ്യതയില്ല (ബി.എസ്.സി. മൂന്നാം ക്ലാസ്സ് ബിരുദം)

2. ഹാജരാക്കിയ ബയോഡാറ്റ പ്രകാരം ശരത്തിന്റെ പിതാവ് പി.എൻ. ഗോപാലകൃഷ്ണൻ , കെ.എസ്.ആർ.ടി.സി. അസി.ട്രാൻസ്പോർട്ട് ഓഫീസർ (ഗ്രേഡ് II) ആയി ജോലി

ചെയ്യുന്നതിനാൽ ആനുകൂല്യത്തിന്റെ വരുമാന പരിധിയിൽ പെടുന്നില്ല.
3. വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
4.ടിയാന് പാരീസിലെ IPAG ബിസിനസ്സ് സ്കൂളിൽ പഠിക്കുന്നതിന് 2014-2015 ൽ 633600/- രൂപാ 02.03.2015ലെ ഡി.ഡി. നം.973682 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ കോഴ്സിന് ഹാജരാവുകയോ,കോഴ്സ് സംബന്ധിച്ച രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല എന്നതിനാൽ തുക തിരിച്ചടക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക തിരിച്ചടച്ചതിന്റെ ആധികാരിക രേഖകൾ ഹാജരാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.
5. ഈ തുക കൈയിലിരിക്കെ ഡി.ഡി.നമ്പർ 531625/24.06.15(എസ് ബി ടി , കാക്കനാട്) പ്രകാരം 790900/-രൂപാ 24.06.15 ൽ ബിൽ നമ്പർ 316/23.06.15 പ്രകാരം ടിയാന് നേരിട്ട് നൽകി. എം.ബി.എ. ഇന്റർനാഷണൽ ട്രേഡ് എന്ന കോഴ്സിനു ചേരുന്നു എന്നാണ് അപേക്ഷയിൽ കാണിച്ചിരിക്കുന്നത്. തുക ചെലവഴിച്ചതിന് IPAG കൺസൾട്ടൻസി ബാംഗ്ളൂർ എന്ന സ്ഥാപനത്തിന്റെ രസീതും, യൂണിവേഴ്സിറ്റി രേഖകൾക്ക് പകരം, യൂറോപ്യൻ യൂണിയൻ ഹയർ എജ്യൂക്കേഷന്റെ ടേംസ് ആൻഡ് കണ്ടീഷൻസിന്റെ പകർപ്പുമാണ് ഹാജരാക്കിയിരിക്കുന്നത്.
6. 28.03.2016 തീയതിയിലെ ചെക്ക് നമ്പർ 85/15-16 പ്രകാരം 360643/- രൂപ നൽകിയത് എന്തിനെന്ന് വ്യക്തമാക്കിയിട്ടില്ല.
7. ടിയാൻ 28.03.2016ൽ യാത്ര ചെയ്യാനായി ബുക്ക് ചെയ്ത ടിക്കറ്റിന്റെ ഇൻവോയ്സ്, 20.03.16 മുതൽ 18.04.16 വരെ Latvia എന്ന രാജ്യത്ത് താമസിച്ചതിന്റെ ടൂറിസ്റ്റ് വിസയുടെ പകർപ്പ് എന്നിവയാണ് ഹാജരാക്കിയിരിക്കുന്നത്.
8. ടിയാൻ വിദേശത്ത് പഠിക്കുന്നുവെന്നതിന്റെ യാതൊരു രേഖകളും ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല.

അതിനാൽ ടിയാന് അനർഹമായി നൽകിയ 11,51,543/- രൂപയോടൊപ്പം 2014-15 ൽ നൽകിയ 633600/- രൂപയും ചേർത്ത് 1785143 (1151543 + 633600 = 1785143) പലിശയടക്കം തിരികെ ഈടാക്കേണ്ടതാണ്.

**2.** <u>സുധീന രവി മെറിറ്റോറിയസ്സല്ല **1642867/-** രൂപ തടസ്സപ്പെടുത്തുന്നു.</u>
1. മെറിറ്റോറിയസ് യോഗ്യതയില്ല (തേവരയിലെ ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ നിന്ന് രണ്ടാം ക്ലാസ്സ് BSc നഴ്സിംഗ് ബിരുദം).
2. പിതാവ് കൊരട്ടി ഗവ. പ്രസ്സിലെ ജീവനക്കാരനാണ്, എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
3. University of Wollangang, Australia യിൽ മാസ്റ്റേഴ്സ് ഓഫ് പബ്ലിക്ക് ഹെൽത്ത് (ഒന്നര വർഷ കാലാവധി) എന്ന കോഴ്സിന്റെ പ്രോസ്പെക്ടസ് രേഖകളാണ് വിദേശ പഠന രേഖയായി ഹാജരാക്കിയിട്ടുള്ളത്.
4. വിദേശ വിദ്യാഭ്യാസത്തിനുള്ള IELTS സ്കോർ കുറവായതിനാൽ ആറ് ആഴ്ചത്തെ IELTS (Tertiary English Course) ചെയ്യുന്നതിനായി 11,22,085/- രൂപാ ബിൽ നമ്പർ 22/15-16 / 30.07.15 പ്രകാരം നൽകിയിട്ടുണ്ട്. കോഴ്സ് ഫീസ്, ടെക്സ്റ്റ് ബുക്കുകൾ, ജീവിതച്ചെലവ്, വാടക, ഭക്ഷണം, വിമാനടിക്കറ്റ് എന്നീ ഇനങ്ങളിലാണ് തുക നൽകിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഹാജരാക്കിയ IELTS സർട്ടിഫിക്കറ്റിൽ സുധീന രവി 06.06.2015ൽ 43981 എന്ന രജിസ്റ്റർ നമ്പരിൽ IN855 എന്ന ഇൻഡ്യയിലെ സെന്ററിലാണ് പരീക്ഷ എഴുതിയിരിക്കുന്നത്. 06.06.2015 ൽ പാസ്സായ IELTS യോഗ്യതയെക്കുറിച്ച് തെറ്റായ വിവരങ്ങൾ നൽകി 30.07.2015ലാണ് തുക കൈപ്പറ്റിയിരിക്കുന്നത്.
5. ഗുണഭോക്താവ് ആവശ്യപ്പെട്ടതനുസരിച്ച് 2015-16ൽ 16,42,867/- രൂപ നൽകിയിട്ടുണ്ട്.

ബിൽ നമ്പർ 22/15-16 /30.07.15 1122085/-
ബിൽ നമ്പർ 23/15-16 /10.08.15 70240/-
ബിൽ നമ്പർ 88/15-16 /28.03.16 450542/-

6. വിദേശ പഠന രേഖകൾ, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാതെ ആനുകൂല്യം നൽകിയതിന് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം നൽകിയിട്ടില്ല.
7. മേൽപ്പറഞ്ഞ പ്രകാരം അർഹത ബോദ്ധ്യപ്പെടാതെ വിദേശപഠനത്തിന് വേണ്ടി സുധീന

രവിക്ക് നൽകിയ 1642867/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3.** വിദ്യ വി. **-** കൊച്ചി നഗരസഭ പരിധിയിലുള്ളയാൾക്ക് ആനുകൂല്യം നൽകി **-** തുക **15,13,388/-** രൂപ തടസ്സപ്പെടുത്തുന്നു.

1. മെറിറ്റോറിയസ് യോഗ്യതയില്ല (ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ നിന്ന് രണ്ടാം ക്ലാസ്സ് BSc നഴ്സിംഗ് ബിരുദം).
2. ഗുണഭോക്താവിന്റെ പാസ്പോർട്ട്, ബാങ്ക് അക്കൗണ്ട്, അമ്മയുടെ പേരിലെ വരുമാന സർട്ടിഫിക്കറ്റ് എന്നിവയിൽ "ഡ്രീം ഫ്ലവർ അപ്പാർട്ട്മെന്റ് , ഫ്ലാറ്റ് എ1, വിവേകാനന്ദ നഗർ എളമക്കര" എന്ന വിലാസമാണ്. എന്നാൽ ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ" ഒന്നര വർഷമായി സഹോദരിയുടെ വീട്ടിൽ നിന്നു പഠിക്കുന്നു" എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കൊച്ചി നഗരസഭയിലെ താമസക്കാരിയായ വിദ്യക്ക് ആനുകൂല്യം നൽകിയത്. റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. കൊച്ചി നഗരസഭയിലെ സ്ഥിരതാമസക്കാരിയായ വിദ്യ അക്കാരണത്താൽ തന്നെ ആനുകൂല്യത്തിനർഹയല്ല.
3. ജാതി സർട്ടിഫിക്കറ്റിന്റെ അവ്യക്തമായ പകർപ്പാണ് ഹാജരാക്കിയിരിക്കുന്നത്. ഇവയുടെ ഒറിജിനൽ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.
4. IELTS സ്കോർ കുറവായതിനാൽ 'English Tertiary Course ‘ചെയ്യുന്നതിനായി 9,91,736/- നൽകിയിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ IELTS Score Sheetൽ IN855 എന്ന സെന്ററിൽ 30.05.20015ൽ തന്നെ IELTS യോഗ്യത നേടിയിട്ടുണ്ട്. തെറ്റായ വിവരങ്ങൾ നൽകിയാണ് 9,91,736/- രൂപ കൈപ്പറ്റിയിരിക്കുന്നതെന്ന് വ്യക്തമാണ്.
5. University of Wollangang Australia യിൽ Masters of Public Health എന്ന കോഴ്സിന് ചേരുന്നു എന്ന സാക്ഷ്യപത്രത്തിൽ ആനുകൂല്യം കൈപ്പറ്റി. നിലവിൽ Bachelor ofNursing for overseas qualifying Nurses എന്ന ഡിഗ്രി കോഴ്സിനാണ് പഠിക്കുന്നത്. ഇത് ഉപരിപഠനമല്ല. മേൽ കാരണങ്ങളാൽ ടിയാരി ആനുകൂല്യത്തിന് അർഹയല്ല.
7. ഗുണഭോക്താവ് ആവശ്യപ്പെട്ടതനുസരിച്ച് 2015-16ൽ 1513388/- രൂപ നൽകിയിട്ടുണ്ട്. ഗുണഭോക്താവന നൽകിയ റിക്വിസിഷൻ പ്രകാരം വാടക, ഇൻഷ്വറൻസ്, കോഷൻ ഡെപ്പോസിറ്റ്, കോസ്റ്റ് ഓഫ് ലിവിംഗ്, ലാപ്ടോപ് വാങ്ങുന്നതിനുള്ള തുക എന്നിവയാണ് നൽകിയിരിക്കുന്നത്.

991736/-(ബിൽ നമ്പർ 22/15-16 തി.30.07.15)
71110/-(ബിൽ നമ്പർ 23/15-16 തി.10.08.15)
450542/-(ബിൽ നമ്പർ 88/15-16 തി.28.03.16)

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി നൽകാത്തതിനാൽ വിദ്യ.വി.ക്ക് വിദ്യാഭ്യാസ ധനസഹായമായി നൽകിയ 15,13,388/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**4.** സോമരാജൻ പി എസ്. **-** വിദേശ സർക്കാരിൽ ജോലി ചെയ്തിരുന്ന ഒരാൾക്ക് തുക നൽകി **- 39,796/-** രൂപ നിരാകരിക്കുന്നു.

1. മെറിറ്റോറിയസ് യോഗ്യതയില്ല (ബി.കോം മൂന്നാം ക്ലാസ്സ് ബിരുദം)
2. ശ്രീ സോമരാജൻ 2004 ൽ ബികോം പാസായ ശേഷം മെയ് 2014 വരെ ഒമാൻ മിനിസ്റ്റി ഓഫ് ഹെൽത്തിൽ ഹൗസ് കീപ്പിംഗ് സൂപ്പർവൈസറായി ജോലി ചെയ്തതിന്റെ സർട്ടിഫിക്കറ്റുകൾ ഫയലിലുണ്ട്. പത്ത് വർഷത്തിലധികം വിദേശ സർക്കാരിൽ ജോലി ചെയ്തിരുന്ന ഒരാൾക്ക് നിർധനർക്കുള്ള ഉന്നത പഠന സഹായം നൽകിയത് പ്രോജക്ട് പണത്തിന്റെ ദുരുപയോഗമാണ്.
3. വർഷങ്ങളായി വിദേശജോലിയിൽ നിന്നുള്ള വരുമാനവും വെങ്ങോല പഞ്ചായത്തിൽ സ്വന്തമായി വീടും (vii/400 b) ഉള്ളയാൾ ഹാജരാക്കിയിരിക്കുന്നത് അച്ഛന്റെ പേരിലുള്ള വരുമാന സർട്ടിഫിക്കറ്റാണ്.
3. MBA in International Business Chambrey Campus, France ചേരാനായി 639796/- രൂപ നൽകി. എന്നാൽ കോഴ്സിൽ ചേരാഞ്ഞതിനാൽ ടി തുക തിരിച്ചടക്കുവാൻ ആവശ്യപ്പെട്ടതായി 19.10.15 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ടിയാൻ രസീത് നം. 6219258 തീയതി 02.03.2016 പ്രകാരം 6,00,000/-രൂപ തിരിച്ചടച്ചിട്ടുണ്ട്. ഈയിനത്തിൽ 39796/- രൂപ ഇനിയും തിരിച്ചടക്കേണ്ടതുണ്ട്.
4. ടിയാൻ 2015-2016 ൽ Vincent Pol University, Lublin, Polandൽ Masters in International Tourism പഠിക്കുകയാണെന്ന സാക്ഷ്യപത്രവും, 2015-2016ൽ INSEEC, Chambrey Campus, FRANCE ൽ MBA in International Business പഠിക്കുകയാണെന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. ഇതിലേതാണ് ശരിയായ രേഖയെന്നോ, പഠിക്കുന്ന കോഴ്സ് ഏതെന്നോ വ്യക്തമാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.
5. സോമരാജന് തുക നൽകിയിരിക്കുന്നത് നേരിട്ടാണ്. വിദേശത്ത് പഠിക്കുന്ന ആൾ എഴുതിക്കൊടുത്ത കൈപ്പറ്റ് രസീതും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.
6. നൽകിയ തുകയുടെ വിശദാംശങ്ങൾ 2015-16 :-
325041/- ബിൽനമ്പർ 26/15-16/07.09.15 (ഡിഡി നം 534845/14.09.15)
314755/- ബിൽനമ്പർ 28/15-16/25.09.15 (ഡിഡി നം 535891/30.09.15)
ടിയാൻ യഥാർത്ഥത്തിൽ ഏതെങ്കിലും വിദേശ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ സോമരാജൻ.പി.എസ്.-ന് നൽകിയ 639796/- രൂപയിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള 39796/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

<u>നിർവ്വഹണത്തിലെ അപാകതകൾ</u>

ഈ പ്രോജക്ടിനായി 2015-16 ൽ ആകെ ചെലവഴിച്ച തുക 4947594/-രൂപയാണ്. (ACR പ്രകാരം 4558502/- SBഅക്കൗണ്ടിൽ നിന്ന് 389092/-). ഇതിൽ 6,00,000/- രൂപ തിരികെ അടച്ചിട്ടുണ്ട്. ബാക്കി തുകയുടെ വിനിയോഗം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. എറണാകുളം ജില്ലയിലെ 82 ഗ്രാമ പഞ്ചായത്തിലായി നൂറു കണക്കിന് മിടുക്കരായ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഉള്ളപ്പോൾ, അക്കാദമിക് മികവ് പുലർത്താത്ത നാല് പേരെ പ്രോജക്ടിനായി തെരഞ്ഞെടുത്തിരിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടില്ല.
സംസ്ഥാനതല ആസൂത്രണകമ്മിറ്റി ആനുകൂല്യം നൽകാൻ മാത്രമാണ് അനുമതി നൽകിയിരിക്കുന്നത്. ആർക്ക് എങ്ങിനെ ആനുകൂല്യം നൽകണമെന്ന് കമ്മറ്റി വ്യക്തമാക്കിയിട്ടില്ല. മാർഗ്ഗരേഖപ്രകാരം, മാനദണ്ഡങ്ങളനുസരിച്ച് ആനുകൂല്യം നൽകേണ്ടതിന്റെ പൂർണ്ണ ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനാണ്.
ആനുകൂല്യം നൽകിയവർക്കെല്ലാം തന്നെ അവർ ആവശ്യപ്പെട്ട തുക മുൻകൂറായി നൽകിയിരിക്കുന്നു. തുകകൾ നേരിട്ട് (ഡി.ഡി./ചെക്ക്) ആണ് നൽകിയത്. ബാങ്ക് അക്കൗണ്ട് മുഖേന യൂണിവേഴ്സിറ്റിയിലേക്ക് ഫീസ് നേരിട്ട് നൽകി ഇവർ അവിടെ പഠിക്കുന്നുണ്ടോയെന്ന ആധികാരികത ഉറപ്പു വരുത്തിയിട്ടില്ല.
ഏത് വിദേശയൂണിവേഴ്സിറ്റിയിലും, ഓൺലൈൻ സംവിധാനത്തിൽ അപേക്ഷിച്ചാൽ പ്രോസ്പെക്ടസ്, ഫീസ് ഇൻഫർമേഷൻ, എന്നിവ ലഭിക്കാമെന്നിരിക്കെ ഇന്റർനെറ്റിൽ നിന്നെടുത്ത പ്രിന്റൗട്ടുകൾ ഇവർ യഥാർത്ഥത്തിൽ അവിടെ പഠിക്കുന്നു എന്നതിന് തെളിവല്ല.
സ്റ്റുഡന്റ് വിസയിൽ പഠനത്തോടൊപ്പം ജോലി ചെയ്താണ് വിദേശ യൂണിവേഴ്സിറ്റികളിൽ സ്കോളർഷിപ്പ് ലഭിച്ചവർ പോലും പഠനച്ചെലവ് കണ്ടെത്തുന്നതെന്നിരിക്കെ ലാപ്ടോപ്, പുസ്തകങ്ങൾ, വാടക, ഭക്ഷണം, കോസ്റ്റ് ഓഫ് ലിവിംഗ് , തുടങ്ങിയ വ്യത്യസ്ത ഇനങ്ങളുടെ മുഴുവൻചെലവും ജില്ലാപഞ്ചായത്താണ് വഹിച്ചിരിക്കുന്നത്.
ആനുകൂല്യം ലഭിച്ചവരൊന്നും തന്നെ, ഉന്നതപഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരോ മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ചവരോ അല്ല. ഗുണഭോക്താവിന്റെ ആവശ്യാനുസരണം പണം അനുവദിക്കുന്ന രീതിയാണ് പദ്ധതിയിൽ അവലംബിച്ചിരിക്കുന്നത്.
പഠനമികവു കൊണ്ട് വിദേശയൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിച്ചിട്ടും, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ പഠനത്തിന് നിവൃത്തിയില്ലാത്തവരായ മിടുക്കരായ പട്ടികജാതി വിദ്യാർത്ഥികൾക്കാണ് ഈപ്രോജക്ടിന്റെ ആനുകൂല്യം ലഭിക്കേണ്ടത്. തീരെ സുതാര്യമല്ലാത്ത തെരഞ്ഞെടുപ്പ്, അസാധാരണമായ ധൂർത്ത് എന്നിവ ഈ പ്രോജക്ടിനെ വികലമാക്കി. 2016-17 ൽ തുടർപ്രോജക്ടുകൾ ഉണ്ടാക്കി വീണ്ടും ഈ നാല് പേർക്ക് ആനുകൂല്യം നൽകി, തുടർ ചെലവുകൾ വരുന്ന പ്രോജക്ട് ഏറ്റെടുക്കരുതെന്ന നിർദ്ദേശം അവഗണിച്ചു. ഒരു പ്രോജക്ട് എന്നതിലുപരി നാല് പേരെ വിദേശപഠനത്തിനായി ജില്ലാ പഞ്ചായത്ത് സ്പോൺസർ

ചെയ്യുകയാണുണ്ടായത്. 68.66 ലക്ഷം രൂപ തൻവർഷം വകയിരുത്തിയ പ്രൊജക്ടിന് യാതൊരു മാനദണ്ഡങ്ങളും നിശ്ചയിക്കാതെ എസ്.സി.പി. ഫണ്ട് ചെലവഴിച്ചതിന് ആധികാരികവും കൃത്യവുമായ മറുപടി നൽകാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞില്ല. യഥാർത്ഥത്തിൽ അർഹതയുള്ളവർക്ക് ഈ ആനുകൂല്യം ലഭിച്ചില്ല എന്നതാണ് ഈ പ്രൊജക്ടിന്റെ ഏറ്റവും വലിയ ന്യൂനത. ഇൻഡ്യയിലെ തന്നെ മികച്ച യൂണിവേഴ്സിറ്റികളിൽ നിന്നും ഒന്നാം റാങ്കോടെ ബിരുദമോ പ്രൊഫഷണൽ കോഴ്സോ പാസ്സായ ഒരു വിദ്യാർത്ഥിക്ക് പോലും ഇത്ര വലിയ ധനസഹായം ലഭിക്കില്ല. തെരഞ്ഞെടുപ്പ് രീതി, നിർവ്വഹണം, ഗുണഭോക്താക്കൾ, ആനുകൂല്യം നൽകിയ രീതി എന്നിവയെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

# 3-15 നമാമി വാർദ്ധക്യ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 1489/16 |
| പ്രോജക്ട് | നമാമി വാർദ്ധക്യ- ഏജ് ഫ്രണ്ട്‌ലി,എറണാകുളം ജില്ല. |
| അടങ്കൽ | ₹.8,30,000/- |
| ചെലവ് | ₹.4,60,646/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി. |

എറണാകുളം ജില്ലാപഞ്ചായത്തും ലേക് ഷോർ ഹോസ്പിറ്റലും സംയുക്തമായി എറണാകുളം ജില്ലയെ ആബാലവൃദ്ധം സൗഹൃദ ജില്ലയായി രൂപപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. പദ്ധതി അടങ്കലിലേക്കായി 680000/- (ചെക്ക് നമ്പർ 686025 / 07.09.15) സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ (TSB 24) 11.09.15 ൽ നിക്ഷേപിച്ചിട്ടുണ്ട്.
MAGICS എന്ന എൻ.ജി.ഒ., മേൽ പ്രോജക്ടിന്റെ നിർവ്വഹണം സ്വമേധയാ ഏറ്റെടുത്തതാണ്.
പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു:-
1. മാജിക്സ് എന്ന എൻ.ജി.ഒ.-ക്ക് ഈ മേഖലയിൽ മുൻ പരിചയം ഉണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.
2. 22.06.2015ൽ ഒപ്പിട്ട എം.ഒ.യു. പ്രകാരം, "for resorces, MAGICS can raise funds through donations and CSR funds എന്നാണ് പറയുന്നത്. ഒരു എൻ.ജി.ഒ.-ക്ക് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് പങ്കാളി എന്ന നിലക്ക് സംഭാവനകൾ സ്വീകരിക്കാനുള്ള അനുവാദം നൽകേണ്ടതില്ല. ഈ ഏജൻസിയുടെ പ്രവർത്തനം വിലയിരുത്താതെ അഞ്ചു വർഷത്തെ MoU ഒപ്പിട്ടതു വഴി പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ ഏജൻസിയെ ഒഴിവാക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും.
3. മൂന്നു ജീവനക്കാരുടെ ശമ്പളം, ഓഫീസ് പ്രവർത്തന ചെലവുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവക്കായി 4,60,640 /- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് ജില്ലാ പഞ്ചായത്തിന് നൽകുകയോ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് വിലയിരുത്തുകയോ ചെയ്തിട്ടില്ല. എൽഡർ ലൈൻ - വയോജനങ്ങൾക്കുള്ള 24x 7 ഹെൽപ്പ് ലൈൻ, യു.3.എ., സീനിയർ ടാക്സി, എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്നതിനെകുറിച്ച് ജില്ലാ പഞ്ചായത്തിന് ധാരണയില്ല.
4. ജില്ലാപഞ്ചായത്തിന്റെ അധീനതയിൽ മരടിലുള്ള XIII/412 നമ്പർ കെട്ടിടം, കമ്പ്യൂട്ടർ, പ്രോജക്ടർ, ടെലിഫോൺ, മറ്റ് ഓഫീസ് ഉപകരണങ്ങൾ എന്നിവ ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് അവസാനിക്കുന്ന മുറക്ക് ഇവ തിരിച്ചു വാങ്ങേണ്ടതാണ്.

# 3-16 സംയുക്ത പ്രോജക്ടുകളുടെ വരവ് - വിശദ വിവരം ലഭ്യമല്ല.

2015-2016 വാർഷിക കണക്ക് RP-31 പ്രകാരം ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ നിന്ന് സംയുക്ത പ്രോജക്ടുകൾക്കായി 2,87,07,315/- രൂപ ലഭിച്ചിട്ടുണ്ട്. 2015-16ൽ 148 സംയുക്ത പ്രൊജക്ടുകളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ, 12.87കോടി രൂപയുടെ ഫണ്ടുണ്ടായിട്ടും 147 സംയുക്തപ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രൊജക്ട് നടപ്പിലാക്കുവാനായി ജില്ലാ പഞ്ചായത്തിൽ അടച്ച തുക ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് വിശദീകരിക്കേണ്ടതാണ്.

## 3-17 കോൺക്രീറ്റിങ്ങിന് ഫോം വർക്ക് ഉൾപ്പെടെ നിരക്ക് - അധികം നൽകി.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ,പേര് | എസ് 1897/15(2014-15); എസ്. 1358/16 (2015-16), എരപ്പിൽത്തോട് സംരക്ഷണം, പായിപ്ര ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് അടങ്കൽ | 10,00,000 |
| കൺവീനർ | ശ്രീ.ഷംസുദ്ദീൻ കെ.പി |
| അളവു പുസ്തകം | 700/14-15, |
| ചെലവ് വിവരം കൺവീനർക്ക് നൽകിയത് | 1)2,04,715/- (ഡി.ഡി. നം. 529358/ 21.4.2015 )<br>2)6,86,945/- (ഡി.ഡി. നം .534302/26.08.2015) |
| | ആകെ- 8,91,660/- |
| അളവു പുസ്തകം | 700/14-15, |

മേൽപ്പറഞ്ഞ പ്രവൃത്തിയിൽ ഇനം നമ്പർ 3 പ്രകാരം CC 1:3:6 using 60% 40mm, 40% 20mm പ്രവൃത്തിക്ക് ഫോം വർക്ക് ഉൾപ്പെടെ 7192.00/1m3 നിരക്കാണ് നൽകിയിരിക്കുന്നത്. ഈ പ്രവൃത്തിക്ക് 7.27m2 ഫോം വർക്കാണ് ആവശ്യമായത്. ഇതിൻ പ്രകാരം 6591.00 /1m3നിരക്കാണ് അനുവദനീയം. അനുവദനീയമായ നിരക്ക് കണക്കാക്കിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ചെയ്ത പ്രവൃത്തി | | ആവശ്യമായ ഫോം വർക്ക് | |
|---|---|---|---|
| 1 x 40.0 x(0.3+0.2)/2 x 1.0<br>1 x 40.0 x0.3 x1.0 | 10.0<br>12.0 | 2 x 1x 40 x1<br>2 x 1x 40 x1 | 80<br>80 |
| ആകെ | 22 m3 | ആകെ | 160m2 |

22m3 കോൺക്രീറ്റിങ്ങിന് (CC 1:3:6 using 60% 40mm, 40% 20mm ) 160m2 ഫോം വർക്ക് ആവശ്യമായതിൽനിന്നും 1m3 കോൺക്രീറ്റിങ്ങിന് 7.27m2 (160/22=7.27m2) ഫോം വർക്ക് ആവശ്യമാണെന്ന് കണക്കാക്കാം. [പേജ് നം. 6 അളവ് പുസ്തകം- 700/14-15, (ആദ്യപാർട്ട് ബിൽ പ്രകാരം)] അതുപോലെ, ഇതേ അളവുപുസ്തകത്തിലെ പേജ് നം. 20-ൽ, ഫൈനൽ ബില്ലിൽ ഇതേഇനത്തിൽ താഴെപ്പറയുന്ന അളവ് പ്രവൃത്തി ചെയ്തിട്ടുണ്ട്.

| ആകെ ചെയ്ത പ്രവൃത്തി | | ആകെ ആവശ്യമായ ഫോം വർക്ക് | |
|---|---|---|---|
| Cc 1:3:6 using 60 % 40mm,<br>40 % 20mm b/s | 61.18 m3 | 2 x 222.275m2 | 444.55m2 |
| ആകെ | 61.18 m3 | ആകെ | 444.55m2 |

ഇവിടെയും 61.18m3 കോൺക്രീറ്റിങ്ങിന് (CC 1:3:6 using 60% 40mm, 40% 20mm ) 444.55 m2 ഫോം വർക്ക് ആവശ്യമായതിൽനിന്നും 1m3 കോൺക്രീറ്റിങ്ങിന് 7.27m2 (444.55/61.18=7.27m2) ഫോം വർക്ക് ആവശ്യമാണെന്ന് കണക്കാക്കാം.

ആയതിനാൽ 1m3 കോൺക്രീറ്റിങ്ങിന് ഫോം വർക്ക് ഉൾപ്പെടെ അനുവദിക്കാവുന്ന നിരക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| കാന പണിയുന്നതിന് അനുവദനീയമായ ഫോം വർക്കിന്റെ നിരക്ക് | =1/3(5341.98/10m2)<br>=1780.66/10m2 |
| 1m2 -ന് അനുവദനീയമായ നിരക്ക് | =1780.66/10<br>=178.07/m2 |
| 7.27 m2 ന് ആവശ്യമായ നിരക്ക് | =7.27 x 178.07<br>=1294.57 = **1295/-** |
| CC 1:3:6 using 60% 40mm, 40% 20mm കോൺക്രീറ്റിങ്ങിന്റെ നിരക്ക് | = 5296/m3 |
| 7.27m2 ഫോം വർക്കിന്റെ നിരക്ക് | = 1295 |
| ആകെ അനുവദിക്കാവുന്ന നിരക്ക് | =5296+ 1295 = **6591 / m3** |

മേൽപ്പറഞ്ഞ പ്രകാരം 1m3 (CC 1:3:6 using 60% 40mm, 40% 20mm) കോൺക്രീറ്റിങ്ങിന് ഫോം വർക്ക് ഉൾപ്പെടെ അനുവദിക്കാവുന്ന നിരക്ക് 6591/m3 രൂപയാണെന്നിരിക്കെ, 7132/m3 രൂപ നൽകിയതിന് എൻക്വയറി നം. 22 പ്രകാരമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞപ്രകാരം അനുവദനീയമായതിലും കൂടുതൽ നിരക്ക് നൽകിയത് മൂലം ഈ പ്രവൃത്തിയിൽ കൺവീനർക്ക് താഴെപ്പറയുന്ന പ്രകാരം അധികത്തുക നൽകിയിട്ടുണ്ട്.

| | നൽകിയിരിക്കുന്നത് | നൽകാവുന്നത് |
|---|---|---|
| ആകെ ചെയ്ത കോൺക്രീറ്റ് പ്രവൃത്തി | 61.18 m3 | 61.18m3 |
| നിരക്ക് | 7132/m3 | 6591/m3 |
| നൽകിയ തുക | 436336 | 403237 |
| അധികം നൽകിയത് | 33,099/- | |

അധികം നൽകിയ 33,099/- രൂപ കൺവീനറിൽ നിന്നോ, എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-18 അളവ് കണക്കാക്കിയതിലെ അപാകത - അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ- 0641/16, |
| പ്രോജക്ടിന്റെ പേര് | ജനഹിത ബീച്ച് റീ-ടാറിംഗ്, കാന നിർമ്മാണം, മാണി ബസാർ-സെന്റ് ജോസഫ് ലൈൻ റോഡ് (പള്ളിപ്പുറം പഞ്ചായത്ത്) |
| കരാറുകാരൻ | ശ്രീ വി.എസ്.രാജീവ് (എസ്റ്റിമേറ്റിനേക്കാൾ 0.01 % കുറവ്) |
| അളവ് പുസ്തകം | 604/14-15 |
| ചെലവ് | 783515/-രൂപ ഡി.ഡി.നം-579507 തീ. 08.04.2016 |
| ഫയൽ നമ്പർ | എ3-167/14-15 |

അളവ് പുസ്തകം ഇനം-2.03 പ്രകാരം ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംങ്ങ് പ്രവൃത്തിയാണ് ചെയ്തിരിക്കുന്നത്. ഇതിന്റെ അളവ് രേഖപ്പെടുത്തിയതിൽ വന്ന പിശക് മൂലം തുക കൂടുതൽ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | രേഖപ്പെടുത്തിയത് | യഥാർത്ഥ അളവ് |
|---|---|---|
| 1 | 2X.5(.20+.15)/2x.62 =1.09 | 0.109 |
| 2 | 1x11.70(.2+.15)/2x(.62+.65)2 =1.30 | 1.30 |
| 3 | 1x11.00(.2+.15)/2x(.62+.65)2 =1.22 | 1.22 |
| 4 | 2x7.00(.20+.15)/2x(.65+.50)/2 =1.41 | 1.41 |
| 5 | 2x20.50(.20+.15)/2x(.50+.45)/2 =3.41 | 3.41 |
| 6 | 2x11.30(.20+.15)/2x(.45+.42)/2 =1.72 | 1.72 |
| | ആകെ = 10.15m3 | 9.169m3 |
| | നല്കിയ തുക - | 10.15m3 x 7944/m3 = 80631 |
| | നല്കാവുന്ന തുക - | 9.169m3 x 7944/ m3 = 72839 |
| | അധികം നല്കിയത് | 7792 /- (80631 – 72839) |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 1) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 7,792/- രൂപ കരാറുകാരനിൻ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-19 സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്ക് കട്ട വിരിക്കൽ -അധികനിരക്ക് നൽകി

ജില്ലാ പഞ്ചായത്ത് 2015-16ൽ വാഴക്കുളം ബ്ലോക്കിലെ എടത്തല ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ റോഡ് വേലകളിൽ "സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്ക് കട്ട വിരിക്കൽ" പ്രവൃത്തിക്ക് കൂടിയ നിരക്കാണ് അനുവദിച്ചിരിക്കുന്നത്. 10m2 സ്ഥലത്ത് ഇന്റർ ലോക്ക് ബ്ലോക്ക് വിരിക്കുന്നതിന് വേസ്റ്റേജ് ഉൾപ്പെടെ 10.50m2 ഇന്റർ ലോക്ക് ബ്ലോക്കാണ് ആവശ്യമെന്നിരിക്കെ 11 m2 ബ്ലോക്കിന്റെ വിലയും കൺവെയൻസും നൽകിയതാണ് നിരക്ക് അധികരിക്കുവാൻ കാരണമായത്. നൽകിയതും നൽകാവുന്നതുമായ നിരക്ക് താഴെ ചേർക്കുന്നു.

| നിരക്ക് | ഇനം | നൽകിയത് | | നൽകാവുന്നത് | |
|---|---|---|---|---|---|
| | | അളവ് | തുക | അളവ് | തുക |
| 835/m2 | ഇന്റർ ലോക്ക്കട്ട | 11.00m2 | 9185.00 | 10.50m2 | 8767.50 |
| 700/m3 | 6mm ബ്രോക്കൺ സ്റ്റോൺ | 1.00m3 | 700.00 | 700.00 | 700.00 |
| കടത്ത് കൂലി | | | | | |
| 218/m3 | ഇന്റർ ലോക്ക് കട്ട | 1.10m3 | 239.80 | 1.05m3 | 228.90 |
| 566/m3 | 6mm ബ്രോക്കൺ സ്റ്റോൺ | 1.00m3 | 566.00 | 1.00m3 | 566.90 |
| 1 No. | മേസൺ | 471/1No. | 471.00 | 471/1No | 471.00 |
| 1 No. | മാൻ കൂലി | 377/1No. | 377.00 | 377/1No. | 377.00 |
| 75/hour | ഹൈഡ്രോളിക് മെഷീൻ വാടക | 4hour | 300.00 | 4hour | 300.00 |
| | ആകെ | | 11838.80 | | 11411.30 |

മേല്പറഞ്ഞിരിക്കുന്ന CP+OH ഉൾപ്പെടാത്ത നിരക്ക് പ്രകാരം (11839-11411) 428.00 രൂപ വീതം 10m2 ന് അധികം നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രോ.നം. /പേര് | കൺവീനർ | എം.ബുക്ക് | അളവ് | അധികം | ചെലവ് വിവരം |
|---|---|---|---|---|---|

| | | നം | | നൽകിയത് | |
|---|---|---|---|---|---|
| S 1176/16 SOS തുരുത്തുമ്മേൽ പറമ്പ് റോഡ് | M.A. അഷറഫ് | 559/14-15 | 594m2 | 25423.00 | 1409488.00 (ബിൽ നം. 169/15-16 dtd 23.09.15) |
| S 1873/15 മുള്ളൻകുഴി തുരുത്തുമ്മൽ പറമ്പ് റോഡ് | T.K. ഷിഹാബുദ്ദീൻ | 560/14-15 | 162m2 | 6934.00 | 869914.00 (ബിൽ നം. 168/15-16 dtd 23.09.15) |
| ആകെ അധികം നൽകിയത് | | | | 32357.00 | |

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41) മറുപടിയൊന്നും നൽകിയില്ല. തെറ്റായി അധിക നിരക്ക് നൽകിയതു മൂലം വന്ന അധിക ചെലവ് 32,357/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-20 ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 0390/16 |
| പ്രോജക്ടിന്റെ പേര് | പൂക്കാട്ടുപടി വള്ളത്തോൾ വായനശാല റോഡ് |
| കൺവീനർ | എൻ.എം.റഷീദ് |
| എം ബുക്ക് നമ്പർ | 42/15-16 |
| ചെലവ് വിവരം | 1216383.00(DD No. 579589 Dtd 08.04.16) |
| ഫയൽനം. | A2- 400/15 |

ജില്ലാ പഞ്ചായത്ത് 2015-16ൽ എടത്തല ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മേൽപറഞ്ഞ വേലയിലെ "സിമന്റ് കോൺക്രീറ്റ് ഇന്റർ ലോക്ക് കട്ട വിരിക്കൽ"(ഐറ്റം നമ്പർ 12) പ്രവൃത്തിക്ക് നിരക്ക് അനുവദിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| അളവ് | ഇനം | നിരക്ക് | തുക |
|---|---|---|---|
| 10.5m2 | ഇന്റർ ലോക്ക്കട്ട | 570/m2 | 5985.00 |
| 1.00m3 | 6mm ബ്രോക്കൺ സ്റ്റോൺ | 700/m3 | 700.00 |
| 52.50dm3 | എഡ്ജ് കോൺക്രീറ്റിങ്ങ് 1:2:4(using 20mm) | 65.11/ 10dm3 | 341.83 |
| കടത്ത് കൂലി | | | |
| 0.63m3 | ഇന്റർ ലോക്ക്കട്ട | 218/m3 | 137.34 |
| 1.00m3 | 6mm ബ്രോക്കൺ സ്റ്റോൺ | 566/m3 | 566.00 |
| 0.20Nos | സ്പെഷ്യൽ മസ്ദൂർ(വിരിക്കൽ) | 408/1No | 81.60 |
| 0.20Nom | സ്പെഷ്യൽ മസ്ദൂർ(പ്രെസ്സിങ്ങ്) | 408/1No | 81.60 |
| 0.10No | ഹൈഡ്രോളിക് മെഷീൻ വാടക | 150/day | 15.00 |
| | ആകെ | | 7908.37 |

മേല്പറഞ്ഞിരിക്കുന്ന CP+OH ഉൾപ്പെടാത്ത നിരക്കിൽ 52.50 $dm^3$ അളവ് സിമന്റ്

കോൺക്രീറ്റിങ്ങിന് 341.83 രൂപ നൽകിയിട്ടുണ്ട്. ഇന്റർ ലോക്ക് കട്ട വിരിച്ചിരിക്കുന്നതിന് ചുറ്റും എഡ്ജ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് മേല്പറഞ്ഞ തുക നൽകിയിരിക്കുന്നത്. എന്നാൽ മേല്പറഞ്ഞ വേലയിൽ ഇനം 12 പ്രകാരമുള്ള ഇന്റർലോക്ക് കട്ടവിരിക്കലിനെത്തുടർന്ന് യഥാക്രമം ഐറ്റം നമ്പർ 13, 14 ആയി ടൈൽ വിരിച്ചിരിക്കുന്നതിനു ചുറ്റും 1:4:8 (using 40mm), 1:2:4 (using 20mm) കോൺക്രീറ്റിങ്ങിന് തുക നൽകിയിട്ടുണ്ട്. എഡ്ജ് കോൺക്രീറ്റിങ്ങിന് പ്രത്യേക ഐറ്റങ്ങളായി തുക നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഇന്റർ ലോക്ക് കട്ടവിരിക്കുന്ന ഐറ്റത്തിനായി തയ്യാറാക്കിയിരിക്കുന്ന ഒബ്സർവ്ഡ് ഡാറ്റയിൽ 10m2 ഇന്റർ ലോക്ക് കട്ട വിരിക്കുന്നതിന് 341.83 രൂപ വീതം സിമന്റ് കോൺക്രീറ്റിങ്ങിന് 1:2:4 (using 20mm) നൽകേണ്ടതില്ല. ഈയിനത്തിൽ 10176/- രൂപ (341.83/10m2/ x 297.71m2 ) അധികത്തുക നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-21 നിരക്ക് വർദ്ധനവ് മൂലമുള്ള വ്യത്യാസം കൺവീനർക്ക് നൽകി.

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ. -0663/16, |
| പ്രോജക്ടിന്റെ പേര് | പൂതൃക്ക ഗ്രാമപഞ്ചായത്ത്- പൂതൃക്ക കുടകുത്തി റോഡ് |
| കൺവീനർ | ശ്രീ. സി.എം.ജേക്കബ് |
| അളവ് പുസ്തകം | 388/14 |
| ചെലവ് | ₹.707141/- (ഡി.ഡി.നം. 540095/ 30.01.2016) |

മേൽ പ്രവൃത്തിയ്ക്ക് ബിറ്റുമിൻ പഞ്ചായത്ത് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്. 66 ബാരൽ ബിറ്റുമിൻ വാങ്ങുന്നതിന് ഡി.ഡി.നം.526827 തീ.07.04.15 പ്രകാരം 424930/-രൂപ HPCL ന് നൽകിയിട്ടുണ്ട്. കൺവീനർ HPCL-ൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. തീയതി | തുക | ബാരൽ എണ്ണം |
|---|---|---|
| 152000515 / 17.04.2015 | 362736 | 55 |
| 152000450/ 28.04.2015 | 72547 | 11 |
| ആകെ | 435283 | 66 |

നിരക്കിലുള്ള വ്യത്യാസം മൂലം 10353/-രൂപ (435283-424930) HPCL ന് നല്കേണ്ടതാണ്. മേൽ തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. കൺവീനർ അധിക തുക നൽകിയതിന്റെ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. കൺവീനർക്ക് ബിൽ തുക അനുവദിച്ചപ്പോൾ ബിറ്റുമിന്റെ വില വ്യത്യാസം, ഉപയോഗിക്കാത്ത ബിറ്റുമിന്റെ വിലയിൽ 10353/-രൂപ കുറവ് വരുത്തിയതിലൂടെ കൺവീനർക്ക് 10353/-രൂപ അധികം ലഭിച്ചിട്ടുണ്ട്.
വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | തുക |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 12,18,375 |
| + വാറ്റ് 10% | 1,21,838 |
| + KCWWF 1% | 12184 |
| ആകെ | 13,52,397 |
| കുറവ് വരുത്തേണ്ടത് | |

| | |
|---|---|
| ഉപയോഗിച്ച ബിറ്റുമിന്റെ വില | ₹.4,44,514/- (10089.3kg x44.058 /kg) |
| ബാക്കിയുള്ള ബിറ്റുമിന്റെ വില | ₹.13,675/- [24,028 (589.5kg x40.76/kg) – 10353/-] (നിരക്ക് വർദ്ധനവ് മൂലമുള്ള വ്യത്യാസം) (*) |
| കാലി ബാരൽ വില | ₹.15708 (66Nos. x 238/barrel) |
| | 8,78,500 |
| റിക്കവറി | |
| - വാറ്റ് | 1,21,838 |
| - കാലി ബാരൽ വാറ്റ് | 785 |
| - IT | 24368 |
| - KCWWF | 12184 |
| - Fine | 12184 |
| കൺവീനർക്ക് നൽകിയ തുക | 707141 |

(*) കൺവീനർ ബിറ്റുമിന് വേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ലാത്തതിനാൽ, നിരക്ക് വർദ്ധനവ് മൂലമുള്ള വ്യത്യാസം കൺവീനർക്ക് നൽകേണ്ടതില്ല. ഗുണഭോക്തൃസമിതിയുടെ വരവു ചെലവു കണക്കുകളില്ലാതെ തുക നൽകിയതിന്റെ കാരണവും വ്യക്തമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 28 ) മറുപടിയൊന്നും നൽകിയില്ല. ഇപ്രകാരം 10353/- അധികം തുക നൽകിയത് കൺവീനറിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-22 കെ.കരുണാകരൻ മെമ്മോറിയൽ സാംസ്കാരിക നിലയം - അധികത്തുക നൽകി.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കെ.കരുണാകരൻ മെമ്മോറിയൽ സാംസ്കാരിക നിലയം മാറാടി ഗ്രാമപഞ്ചായത്ത് |
| പ്രൊ.നമ്പർ | എസ് 324/16 |
| ഫയൽ നമ്പർ | A1-503/13-14 |
| അടങ്കൽ തുക | 75,00,000/- |
| കരാറുകാരന്റെ പേര് | ശ്രീ.മനീഷ് പി. മോഹനൻ |
| എഗ്രിമെന്റ് നമ്പർ/തീയതി | 337/EE/LSGD/13-14 09.1.14 |
| എഗ്രിമെന്റ് തുക | ₹.73,52,945/- |
| എം- ബുക്ക് നമ്പർ | 176/14-15,274/14-15,624/14-15,627/14-15, |
| കരാറുകാരന് നൽകിയ ആകെ തുക | 1)₹.17,16,127/- (ഡി.ഡി നം. 974735/ 13.03.15 )<br>2)₹.12,40,022/- (ഡി.ഡി നം. 529025/ 21.04.15 )<br>3)₹.36,65,398/- (ഡി.ഡി നം. 542104/ 20.02.16 ) |
| | ആകെ – ₹. 66,21,547/- |

ജില്ലാ പഞ്ചായത്തിന്റെ 2013-14 പദ്ധതിയിൽപ്പെടുത്തി അംഗീകരിച്ച "കെ .കരുണാകരൻ മെമ്മോറിയൽ സാംസ്കാരിക നിലയം – മാറാടി ഗ്രാമ പഞ്ചായത്ത്" എന്ന പ്രൊജക്ടിന്റെ ടെൻഡർ 30.12.2013ലെ 1(13)-ാം നമ്പർ ജില്ലാപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ശ്രീ.മനീഷ് പി.മോഹനൻ എന്നയാൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.01% കുറവ് നിരക്കിൽ അംഗീകരിച്ചുനല്കി. 06.01.2014 ലെ സെലക്ഷൻ നോട്ടീസ് പ്രകാരം എഗ്രിമെന്റ്

തീയതി മുതൽ ഒരു വർഷക്കാലമായിരുന്ന പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി. 09.01.2014- ശ്രീ.മനീഷ് പി.മോഹനൻ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുമായി കരാർ ഒപ്പിട്ടു. എഗ്രിമെന്റ് വെച്ച എസ്റ്റിമേറ്റ് പി.എ.സി തുക 73,52,945/- രൂപയാണ്. 2015-16ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയിൽ എക്സ്ട്രാ ഐറ്റം നം. E2 ആയി ചെയ്തതിൽ അളവിനേക്കാൾ കൂടുതൽ തുക അധികം നല്കിയിട്ടുണ്ട്. ഫൈനൽ ബിൽ തയ്യാറാക്കിയ സമയത്ത് പിശക് തിരുത്തിയെങ്കിലും അധികം തുക നൽകുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം നമ്പർ | പ്രവൃത്തിയിനം | ആകെ ചെയ്ത അളവ് / നിരക്ക് / നല്കാവുന്ന തുക | അനുവദിച്ച അളവ് / നിരക്ക് / തുക | അധികം നൽകിയ തുക |
|---|---|---|---|---|
| എക്സ്ട്രാ ഐറ്റം നം. E2 MB No. 176/14-15 | C.C 1:.1.5:3 using 20mm b/s for column footing | 25.886 m3 x 87.80/10dm3= 2,27,279/- | 27.28m3 x 87.80/10dm3= 2,39,518/- (Page. 65) | 12,239/- |
| ഐറ്റം നം. E2 MB No. 176/14-15 | PCC 1:4:8 using 40 mm aggregate for base of column footing | 11.682m3 x 5492/m3= 64,158 | 12.292m3x 5492/m3= 67,508 (Page.61) | 3,350/- |
| | | | ആകെ | 15,589/- |

പ്രൊജക്റ്റ് ടെൻഡർ ചെയ്തപ്പോൾ പ്രവൃത്തി ചെയ്യാൻ ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് തർക്കം മൂലം പണി നടത്താതിരുന്നതുമൂലം, പുതിയ സൈറ്റിൽ ആണ് കെട്ടിടം പണിതത് എന്നാണ് ഫയലിൽ കാണുന്നത്. എന്നാൽ പുതിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖകളൊന്നും ഫയലിൽ കാണുന്നില്ല. മേൽ കാര്യങ്ങൾക്കും, അധിക തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 15) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക 17,169/- രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-23 ചെയ്ത അളവിനേക്കാൾ കൂടുതൽ അളവിന് തുക നൽകി.

| | |
|---|---|
| പ്രൊജക്റ്റ് നം. /പേര് | S0846/16<br>ചിറ്റേഴത്ത്കാന നിർമ്മാണം (ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത്) |
| കൺവീനർ | പ്രവീൺ രാജ് |
| അളവുപുസ്തകം | 332/14-15 |
| ചെലവ് | 531963/ 2.7.2015 തുക 12,22,240/- ബിൽ നം. 17/15-16/ 30.6.2015 = 1384374/- |

മേൽ പ്രവൃത്തിയിൽ ഇനം 6 പ്രകാരം cement concrete 1:2:4 using 20 mm broken stone including cost of form work watering, curing etc. complete പ്രവൃത്തി ചെയ്തതിന് 159060/- രൂപ (24.10m$^3$ x 6600/10dm$^3$) നൽകിയിട്ടുണ്ട്. എന്നാൽ അളവു പുസ്തകം പേജ് 21 ലെ അളവുകളിലെ പിശക് മൂലം ഈയിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. അളവു പുസ്തകം പേജ് 21ൽ 2.94 m3 ന് പകരം 8.04m3 എന്ന് തെറ്റായി രേഖപ്പെടുത്തിയെങ്കിലും പിന്നീട് തിരുത്തിയിട്ടുണ്ട്. അളവുകളിലെ പിശക് ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ക്രമീകരിച്ചെങ്കിലും, ആകെ അളവ് എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തുന്നു എന്ന് രേഖപ്പെടുത്തി ചെയ്യാത്ത അളവിന് തുക നൽകുകയാണ് ചെയ്തത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| M book ഇനം 6 പ്രകാരം cement concrete 1.2.4 using 20 mm broken stone including cost of form work watering, curing etc. complete page 20 & 21 | | | | |
|---|---|---|---|---|
| No | L | B | D | Contents area |
| 1 | 1.10 | 0.50 | 0.05 | 0.02 |
| 1 | 1.75 | 0.50 | 0.05 | 0.04 |
| 1 | 16.50 | 0.40 | 0.05 | 0.34 |
| 1 | 1.70 | 0.50 | 0.05 | 0.04 |
| 1 | 16.75 | 0.40 | 0.05 | 0.335 |
| 1 | 20.00 | 0.40 | 0.05 | 0.400 |
| 1 | 20.00 | 0.40 | 0.05 | 0.400 |
| 1 | 16.65 | 0.40 | 0.05 | 0.333 |
| 1 | 19.30 | 0.40 | 0.05 | 0.434 |
| 1 | 26.60 | 0.45 | 0.05 | 0.598 |
| | | | Total | 2.94 $m^3$ |

ആകെ രേഖപ്പെടുത്തിയ അളവുകൾ

| | |
|---|---|
| അളവു പുസ്തകം പേജ് 14 | 4.18 $m^3$ |
| അളവു പുസ്തകം പേജ് 21 | 2.94 $m^3$ |
| അളവു പുസ്തകം പേജ് 34 | 19.551$m^3$ |
| ആകെ | 19.551 $m^3$ |

ഇപ്രകാരം 19.551$m^3$ ചെയ്തതിന്റെ തുക അനുവദിക്കേണ്ടതിനു പകരം ഇല്ലാത്ത എസ്റ്റിമേറ്റ് അളവിലേക്ക് പരിമിതപ്പെടുത്തുന്നതായി രേഖപ്പെടുത്തി 24.10 $m^3$ ന് തുക നൽകിയതിനാൽ അധിക ചെലവ് വന്നിട്ടുണ്ട്.

| | അളവ് / നിരക്ക് | തുക |
|---|---|---|
| നൽകിയത് | 24.10 $m^3$ x 6600/10$dm^3$ | 159060 |
| നൽകാവുന്നത് | 19.551$m^3$x 6600/10$dm^3$ | 129037 |
| അധികം നൽകിയത് | | 30023 |

ഇക്കാര്യത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.7) മറുപടിയൊന്നും നൽകിയില്ല. അധികം നൽകിയ തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-24 ഉപയോഗിക്കാത്ത ബിറ്റുമിന്റെ വില കൺവീനർക്ക് നൽകി.

| | |
|---|---|
